
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 43 | THE ONLINE OFFICIAL NEWS BULLETTIN | 2020 November 21

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
22  ♪4 Suboroh dabthulto Annunciation to St. Mary	23 ♪8	24  ♪4 204th Mem. of Sabha Jyothis Pulikkottil Joseph Mar Dionysius I 24th Mem. of Paulos Mar Gregorios (Kottayam Old Seminary)	25 ♪8	26 ♪4	27 ♪8 Comme. of St. Jacob Mapasco Sahada	28  ♪4 Comme. of St Jacob Baradaeus & St. Dionysius Barsleebi



പ. ഇറിനേ പാത്രിയർക്കീസ് കാലം ചെയ്തു.

സെർബിയൻ ഓർത്തഡോക്സ് ചർച്ച് തലവൻ പ. ഇറിനേ പാത്രിയർക്കീസ് കാലം ചെയ്തു. 90 വയസ്സായിരുന്നു. സെർബിയൻ ഓർത്തഡോക്സ് സഭയുടെ 45-ാമത് തലവനായി 2010-ലാൽ സ്ഥാനമേറ്റത്.

പ. കാതോലിക്കാ ബാവാ അനുശോചിച്ചു

കോട്ടയം: സെർബിയൻ പാത്രിയർക്കീസ് പരിശുദ്ധ ഇറിനേയുടെ ദേഹ വിയോഗത്തിൽ പ. കാതോലിക്കാ ബാവാ അനുശോചിച്ചു. സഭാ തലവൻ എന്ന നിലയിൽ തികഞ്ഞ സമർപ്പണത്തോടും ദൈവാശ്രയത്തോടും കൂടി മാതൃകാ പരമായ പ്രവർത്തനം നടത്തിയ പിതാവായിരുന്നു അദ്ദേഹമെന്ന് പ. പിതാവ് പറഞ്ഞു. സെർബിയൻ ഓർത്തഡോക്സ് സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ ദീർഘകാലത്തെ സഹകരണത്തിന്റെ ചരിത്രമാണുള്ളത്. 1937-ൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ബെൽഗ്രേഡിൽ ഉള്ള സഭാ ആസ്ഥാനം സന്ദർശിച്ചിരുന്നു. ഇറിനേ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്താ പങ്കെടുത്തതും പ. കാതോലിക്കാ ബാവാ പ്രത്യേകം അനുസ്മരിച്ചു.

വി. കോട്ടയം പള്ളി വിഘടിത വിഭാഗം തകർത്തു

പത്തനംതിട്ട: മലങ്കര സഭയുടെ തുമ്പമൺ ഭദ്രാസനത്തിൽപ്പെട്ട വള്ളിക്കോട് കോട്ടയം പള്ളി വിഘടിത വിഭാഗം തകർത്തു. ജില്ലാ ഭരണകൂടം കോടതിവിധി നടപ്പാക്കുമെന്ന വ്യാജ പ്രചാരണത്തെ തുടർന്നാണ് പള്ളിക്ക് നേരെ ആക്രമണം ഉണ്ടായത്.



ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അഹമ്മദാബാദ് അബു റോഡ് ജ്യോതിസ് ആശ്രമ മാനേജർ ഫാ. ഫിലിപ്പോസ് എബ്രഹാം അച്ചന് (റജു അച്ചൻ) റമ്പാൻ സ്ഥാനം നൽകി.

പാത്രിയർക്കീസ് വിഭാഗത്തിന്റെ ഉപവാസ സമരങ്ങൾ അനീതിക്കുവേണ്ടി: ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്


കോട്ടയം: അനീതിയും അക്രമവും പുലരുന്നതിനുവേണ്ടിയാണ് പാത്രിയർക്കീസ് വിഭാഗം ഉപവാസ സമരങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് മലങ്കര ഓർത്തഡോക്സ് സഭ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്. രാജ്യത്തെ നീതിന്യായ വ്യവസ്ഥകൾ അനുസരിച്ച് കോടതികൾ നൽകുന്ന ഉത്തരവുകൾ നടപ്പാക്കാതിരിക്കാനും അതിനെ മറിക്കടക്കാനും വിധിനടത്തിപ്പ് താമസിപ്പിക്കുവാനുമാണ് പാത്രിയർക്കീസ് വിഭാഗം പരിശ്രമിക്കുന്നത്. കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ ശ്രമിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരെയും പോലീസ് സേനയെയും കുറ്റപ്പെടുത്തുന്നത് അപലപനീയമാണെന്നും അദ്ദേഹം പറഞ്ഞു. നിയമ വിധേയമായി ഐക്യപ്പെട്ട് മുന്നോട്ട് പോകണമെന്ന് കോടതി വിധി നൽകിയിരിക്കുന്ന ദേവാലയങ്ങളിൽ അക്രമ പ്രവണതകളും നശീകരണവും ഉണ്ടാകുന്നത്ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. തുമ്പമൺ മെത്രാസനത്തിലെ വള്ളിക്കോട് കോട്ടയം സെന്റ് മേരീസ് പള്ളിയിൽ ഉണ്ടായിരിക്കുന്ന നശീകരണങ്ങൾ അപലപനീയമാണ്.

പുതിയ നിയമനിർമ്മാണ ഭീഷണി കൊണ്ടും അക്രമവും നശീകരണ പ്രവണതകൾകൊണ്ടും കോടതിയിൽ നിന്നും ഉണ്ടാകുന്ന വിധികളെ മരവിപ്പിക്കാമെന്ന ചിന്ത വ്യാമോഹം മാത്രമാണ്. ഓർത്തഡോക്സ് സഭ ചർച്ചകളിൽ പങ്കെടുക്കാത്തതിനെതിരെ പ്രതിഷേധിക്കാൻ പാത്രിയർക്കീസ് വിഭാഗത്തിന് അവകാശമില്ല. പാത്രിയർക്കീസ് വിഭാഗത്തിന്റേത് എന്ന് ഇപ്പോൾ അവകാശപ്പെടുന്ന പള്ളികൾ എല്ലാം 1972 മുതൽ ബലം പ്രയോഗിച്ച് ഓർത്തഡോക്സ് സഭയുടെ വൈദികരെയും വിശ്വാസികളെയും പുറത്താക്കി പിടിച്ചെടുത്തതാണെന്നുള്ള സത്യം വിസ്മരിക്കരുത്. മലങ്കരസഭയുടെ പള്ളികൾ എല്ലാം 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നാണ് സഭയുടെ നിലപാട്. അത് തന്നെയാണ് സുപ്രീംകോടതി ഉത്തരവ്. ഓർത്തഡോക്സ് സഭ പള്ളികൾ കൈയ്യേറുകയോ പിടിച്ചടക്കുകയോ ഇടവകാംഗങ്ങളെ പുറത്താക്കുകയോ ചെയ്യുന്നില്ലെന്നും മാർ ദീയസ്കോറോസ് കൂട്ടിച്ചേർത്തു.

ആരാധനാ കലണ്ടർ

വചനം ജഡം ധരിക്കുന്നു

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



“കർണ്ണത്താൽ അവനെ കൈക്കൊണ്ടുദരേ പേറി...” ആരാധനാവർഷത്തിന്റെ ഒന്നാം കാലമായ അറിയിപ്പ് കാലത്തിന്റെ മദ്ധ്യത്തിൽ (നാലാം ആഴ്ച) എത്തുമ്പോൾ അറിയിപ്പുകളുടെ അറിയിപ്പായ ‘വചനിപ്പ്’ വി. മറിയാമ്മിൽ സംഭവിക്കുന്നു. ക്രിസ്തുവിന്റെ ‘മനുഷ്യാവതാര വ്യാപാര’ത്തിന്റെ ആരംഭം. വി. ലൂക്കോസ് ഏവൻഗേല്യസ്ഥ അത് കാല്പനിക ഭാവത്തിൽ വർണ്ണിക്കുമ്പോൾ വി. യോഹന്നാൻ ശ്ലീഹാ അത് സാത്വിക ഭാവത്തിൽ വെളിപ്പെടുത്തുന്നു.

“ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവം ആയിരുന്നു.” രക്തത്താലോ ജഡത്തിന്റെയോ പുരുഷന്റെയോ ഇഷ്ടത്താലോ അല്ല; മറിച്ച് ദൈവത്തിൽ നിന്നും അവൻ ജനിക്കുന്നു. വചനം ജഡമായി തീരുന്നു. ആ ദിവ്യ അനുഭൂതി കന്യക അനുഭവിക്കുന്നു. അവന്റെ ശക്തിയാലും ഹിതത്താലും അവനെ കർണ്ണത്താൽ (വചനത്തിന്റെ അറിയിപ്പിനാൽ) സ്വീകരിച്ച് ഉദരത്തിൽ വഹിക്കുന്ന അനുഭവം.

ലോകചരിത്രത്തിലെ മഹാത്ഭുതം ഏത് എന്ന ചോദ്യത്തിന് സഭാപിതാക്കന്മാർ നൽകുന്ന ഉത്തരം ‘ദൈവത്തിന്റെ മനുഷ്യവല്ക്കരണം’ എന്നാണ്. അത് രക്ഷണ്യ ചരിത്രത്തിന്റെ ഉദ്ഘാടനമാണ്. “കാലത്തികവിൽ കന്യക ഗർഭം ധരിച്ചു’വെന്ന് വചനം നമ്മോട് സാക്ഷിക്കുന്നു. ഡിസംബർ 25-ന് ക്രിസ്തുജനനം നടന്നുവെങ്കിൽ മാർച്ച് 25-ന് (9 മാസം) വി. വചനിപ്പ് നടന്നിരിക്കണം. “ഒമ്പതു മാസം നിന്നെയേറ്റോൾ തൻ പ്രാർത്ഥനയാൽ...” എന്ന് പ. സഭ പാടുമ്പോൾ ഈ വചനിപ്പ് ഒരു തോന്നൽ വാദമോ വൈകാരിക അനുഭവം മാത്രമോ അല്ല; മറിച്ച് ഒരു ചരിത്ര യാഥാർത്ഥ്യമാണ് എന്ന് പഠിപ്പിക്കുന്നതിനാലാണ് മാർച്ച് 25-ന് വി. വചനിപ്പ് വലിയ പെരുന്നാളായി വി. സഭ ആഘോഷിക്കുന്നത്. ഒപ്പം ക്രിസ്തുവിന്റെ ജനനത്തിന് മുമ്പുള്ള അതിപ്രധാന സംഭവങ്ങളുടെ കേന്ദ്രസ്ഥാനം അലങ്കരിക്കുന്നതിനാൽ അറിയിപ്പ് കാലത്തിന്റെ ഗിരിശൃംഗമായി നാലാം ഞായറാഴ്ചയിലും വി. സഭ ഇത് വലിയ പെരുന്നാളായി ആഘോഷിക്കുന്നു.

യഹോവയുടെ ചട്ടങ്ങളും വിധികളും ആചരിച്ച് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും അവയെ പ്രമാണിച്ചു നടക്കുന്നവർക്ക് അവൻ ദൈവമായിരിക്കുമെന്ന ന്യായപ്രമാണ തത്വങ്ങളിൽ വളർന്നവളാണ് വി. മറിയം. “സീയോൻ പുത്രിയേ, ഘോഷിച്ചുല്ലസിക്ക; സന്തോഷിക്ക; ഇതാ ഞാൻ വരുന്നു; ഞാൻ നിന്റെ മദ്ധ്യേ വസിക്കു”മെന്ന സഖറിയാ പ്രവാചകന്റെ പ്രവചനം അവളിൽ നിവർത്തിയാകുന്നു. പിതാവാം ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കി വിശുദ്ധിയും മഹത്വവുമുള്ള വാസസ്ഥലത്തെയൊരുക്കി യുഗാരംഭം മുതലുള്ള വീണ്ടെടുപ്പുകാരനെ അയക്കുന്നുവെന്ന യെശയ്യാവിന്റെ ദർശനം ഇവിടെ യാഥാർത്ഥ്യമാകുന്നു. സന്തോഷിച്ച് നീതി പ്രവർത്തിക്കുന്നവരെ അതിനായി ഒരുക്കുന്നു. ദാവീദ് രാജാവിന്റെ ഭാഷയിൽ പറഞ്ഞാൽ, ഓഫീർ തങ്ക തുകലങ്കിയണിഞ്ഞ് തന്റെ വലതുഭാഗത്തു നില്ക്കുന്ന രാജ്ഞിയാക്കി അവളെ അഭിഷേകം ചെയ്യുന്നു.

പാപങ്ങളെ നീക്കുവാൻ പാപമില്ലാത്തവനായി അവൻ പ്രത്യക്ഷനായിയെന്ന് പൊതുവിന്റെ പ്രസംഗകനായ യോഹന്നാൻ സാക്ഷിക്കുന്നു. അവനിൽ വസിക്കുന്നവൻ പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടില്ല. സ്വന്ത പ്രാണനെ വച്ചുകൊണ്ട് സ്നേഹം എന്തെന്ന് പഠിപ്പിക്കുവാനാണ് അവന്റെ വരവ് എന്നും യോഹന്നാൻ പ്രഖ്യാപിക്കുന്നു.

യഹോവ അബ്രഹാമിന് നൽകിയ വാഗ്ദത്തം ആണ് കന്യകയിൽ പ്രത്യക്ഷമാകുന്നതെന്ന് എബ്രായ ലേഖകനും സാക്ഷിക്കുന്നു. മൽക്കിസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനായാണ് യേശു കടന്നു വരുന്നതെന്നും പറഞ്ഞ് നീതിയുടെ രാജാവും സമാധാന പ്രഭുവും വംശാവലികൾക്ക് അതീതനുമായ മഹാപുരോഹിതനായ യേശുവിനെ അവതരിപ്പിക്കുന്നു.

പഴയ-പുതിയ നിയമ വായനാ ധ്യാനങ്ങളിലൂടെ നമ്മെ ഒരുക്കിയതിനു ശേഷമാണ് വചനിപ്പ് എന്ന ആ വിത്ത് വിതയ്ക്കപ്പെടുന്നത്. ആരാധനയിൽ സംബന്ധിക്കുന്ന ഏതൊരു വിശ്വാസിയും വി. മറിയാമുമായി ഏകീഭവിക്കണം. ഗലീലയിലെ നസറേത്തിൽ നടന്ന സംഭവങ്ങളുടെ ചരിത്രപരമായ ഓർമ്മയിൽ അവസാനിക്കുന്നതല്ല വചനിപ്പ് പെരുന്നാൾ. മറിച്ച് വി. മറിയയെപ്പോലെ ‘നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ’ എന്ന് പറഞ്ഞുകൊണ്ട് വചനത്തെ സ്വീകരിക്കുവാൻ ഓരോ വിശ്വാസിക്കും സാധിക്കണം.

‘മറിയാ’ എന്ന അരമായ പദം അർത്ഥ ഗംഭീരമാണ്. ഏലിയാ എന്നാൽ ‘ഏലിയാഹു’ അഥവാ ‘യഹോവ എന്റെ ദൈവമാകുന്നു’ എന്ന അതേ വ്യാകരണ തത്വത്തിൽ ‘മറിയാ’ എന്ന പദത്തിന് ‘യഹോവ എന്റെ ഇടയനാകുന്നു’ എന്ന് അർത്ഥം ലഭിക്കുന്നതായി കാണാം (മോർ - കർത്താവ്, മാറി - എന്റെ കർത്താവ്, മറിയാ = യഹോവ എന്റെ കർത്താവ്). ഈ വിശുദ്ധ പാരമ്പര്യത്തിൽ വളർന്നവളായതിനാൽ “കണ്ടാലും ഞാൻ അവിടുത്തെ ദാസി”യെന്ന് മറിയാം പറയുന്നു!

വചനിപ്പ് എന്ന ഈ മഹാത്ഭുതത്തെ വർണ്ണിച്ച് ധ്യാനിക്കുവാനുള്ള പിതാക്കന്മാരുടെ തീവ്ര ശ്രമമാണ് ഈ ദിവസത്തെ പ്രാർത്ഥനകൾ എല്ലാം തന്നെ. എന്നാൽ അവയുടെ പ്രാരംഭത്തിൽ തന്നെ അവർ ഏറെ വിനയത്തോടെ പറയുന്നു: ഈ രഹസ്യത്തെ വർണ്ണിക്കുവാൻ ഞങ്ങൾ തികച്ചും അപ്രാപ്തരാകുന്നു. ആകയാൽ ഞങ്ങളുടെ അകക്കണ്ണുകളെ തുറന്ന് അവയെ അനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

അനാദിയിൽ നിത്യതയിൽ സൃഷ്ടിയല്ലാതെ ജനിച്ചവൻ രണ്ടാം ആദമായി കാലത്തികവിൽ കന്യകയുടെ ഗർഭത്തിൽ വസിച്ചുവെന്നും ആകയാൽ സ്ത്രീകളുടെ ഗണത്തിന് ബഹുമാനവും മഹത്വവുമുണ്ടെന്ന് കാണിച്ചുവെന്നും ഒന്നാം ഹവ്വായിൽ പാപം വർദ്ധിച്ചുവെങ്കിൽ രണ്ടാം ഹവ്വായായ മറിയമിൽ കൃപയും വർദ്ധിച്ചുവെന്ന് നാം ധ്യാനിക്കുന്നു. സമാധാനം ക്രിസ്തു സാന്നിദ്ധ്യമാണ്. ‘കൃപ ലഭിച്ചവളേ നിനക്കു സമാധാനം’ എന്ന വന്ദന വചനത്തിനു ശേഷം മാലാഖാ പറയുന്നത് ‘നമ്മുടെ കർത്താവ് നിന്നോടു കൂടെ ഉണ്ട്’ എന്നാണെന്ന് ഓർക്കണം. കർത്താവ് ഉള്ളിടത്ത് സമാധാനമുണ്ട്; സമാധാനം ഉള്ളിടത്ത് കർത്താവുണ്ട്.

ദൈവത്തിന്റെ മാതാവ്, സ്രഷ്ടാവിന്റെ മാതാവ് എന്നൊക്കെ വി. മറിയാമിനെ വിളിക്കുന്നത് താത്വികമായി ശരിയാണോ എന്ന് ചിന്തിച്ചിട്ടുള്ളവർ ഉണ്ട്. വി. മറിയം ഗർഭം ധരിച്ചത് വചനത്തെയാണെങ്കിൽ പ്രസവിച്ചത് ദൈവത്തെയാണ്. ദൈവത്തെ പ്രസവിച്ചവളെ ‘ദൈവമാതാവ്’ എന്ന് നിർബന്ധമായും വിളിക്കണം. ഇതാണ് പ. സഭയുടെ ഏറ്റവും ലളിതവും സുഗ്രാഹ്യവുമായ നിലപാട്. കാരണം വിശ്വാസത്തിന്റെ പ്രമാണ ഗ്രന്ഥമായ വി. വേദപുസ്തകത്തിലെ മാറ്റിക്കൂടാത്ത വാക്കുകളാണവ. ദൈവത്തെ പ്രസവിച്ചവൾ എന്നതിൽ കുറഞ്ഞ ഒരു വാക്കും വേദപുസ്തക സത്യത്തോട് ചേരുകയില്ല. അതുകൊണ്ടാണ് നെസ്തോറിനെ പ. സഭ വേദവിപരീതിയായി തള്ളിയത്.

സംശയം കൂടാതെ വി. മറിയാമിനെ ദൈവമാതാവ് എന്ന് വിളിച്ചവരിൽ ഒന്നാമൻ ഗബ്രിയേൽ മാലാഖയാണ്. “എന്റെ കർത്താവിന്റെ അമ്മ” എന്നും “സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളെന്നും”, “നിന്റെ ഉദരഫലം അനുഗ്രഹിക്കപ്പെട്ടതെന്നും” സാക്ഷിച്ചത് എലിസബത്ത് അമ്മയാണ്. “നിന്നെ വഹിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ”യെന്ന് മാതാവിനെ പുകഴ്ത്തി സന്തോഷത്തോടെ പറയുന്ന പാരമ്പര്യം സുവിശേഷങ്ങളിൽ തന്നെ നാം കാണുന്നു. “കണ്ടാലും സകല തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തു”മെന്ന് വി. മാതാവ് തന്നെ സാക്ഷിക്കുന്ന അനുഭവവും വി. വേദപുസ്തകത്തിൽ നാം കാണുന്നു. “വേദപുസ്തകം മാത്രം” എന്ന് പറയുകയും വേദപുസ്തകത്തിലെ ഈ അടിസ്ഥാന തത്വങ്ങൾ നിഷേധിക്കുകയും ചെയ്യുന്നവരെ വി. സഭ വേദവിപരീതികൾ എന്ന് ശക്തമായി വിളിക്കുന്നതിന്റെ കാരണം ഇവിടെ വ്യക്തമാണല്ലോ.

വി. മറിയാമിനെപ്പോലെ വചനത്തെ സ്വീകരിപ്പാനും ഗർഭം ധരിപ്പാനും വചനത്തിൽ വളരുവാനും നാം തന്നെ വചനം ജഡമായി തീർന്ന ക്രിസ്തുവിന്റെ ഭാവത്തിൽ ആയിതീരുവാനും സാധ്യമാകണം. പ. ദൈവമാതാവിന്റെ മാദ്ധ്യസ്ഥവും പ്രാർത്ഥനയും ആയതിന് നമ്മെ സഹായിക്കട്ടെ.

❑

ആരാധന

റാസയും ഊരുവലത്തും: പദങ്ങളും പ്രയോഗങ്ങളും

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

ആമുഖം

നമ്മുടെ പള്ളിപ്പെരുന്നാളുകളോടു ചേർത്ത് നാം ഉപയോഗിക്കുന്ന പദങ്ങളാണ് റാസ, പ്രദക്ഷിണം (വലംവയ്പ്), ഊരുവലത്ത് എന്നിവ. ഇവയുടെ അർത്ഥവും പ്രയോഗവും സംബന്ധിച്ച് ഒരു പഠനം ചുവടെ ചേർക്കുന്നു. പെരുന്നാളുകൾ ആഘോഷങ്ങൾ തന്നെ. ഇവിടെ രണ്ടു കാര്യങ്ങൾ ഓർമ്മയിൽ വയ്ക്കാം. ഒന്ന്, ആഘോഷങ്ങൾ ഭക്തിപ്രഘോഷങ്ങൾ ആണെന്നും ആയിരിക്കണം എന്നും തിരിച്ചറിയുക. രണ്ട്, മുൻ പഠനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ എല്ലാ പള്ളിയാഘോഷങ്ങളും അനുഷ്ഠാനങ്ങൾ ആണെന്നും അനുഷ്ഠാനങ്ങൾ അർത്ഥമറിഞ്ഞും നിഷ്ഠ പാലിച്ചും വേണമെന്നും ഓർമ്മയിൽ വയ്ക്കുക. ഇവ രണ്ടുമുണ്ടാവുമ്പോഴേ ആഘോഷാനുഷ്ഠാനങ്ങൾ അനുഭവങ്ങളായിത്തീരുന്നുള്ളു; വിശ്വാസികളെ രൂപാന്തരപ്പെടുത്താൻ ഉതകുന്നുമുള്ളു.

1. റാസ – റോസോ = വി. കുർബാന.

റാസ അല്ലെങ്കിൽ റോസോ എന്ന വാക്കിനർത്ഥം 'രഹസ്യം' എന്നത്രെ. റാസ പൗരസ്ത്യ (കൽദായ) സുറിയാനി രൂപവും 'റോസോ' പാശ്ചാത്യ (അന്ത്യോക്യൻ) സുറിയാനി രൂപവുമാകുന്നു; ഒരു ഭാഷയുടെ തന്നെ എഴുതാനും വായിക്കാനുമുള്ള രണ്ട് സമ്പ്രദായങ്ങൾ. മലങ്കര ഓർത്തഡോക്സ് സഭ പാശ്ചാത്യ സുറിയാനി ആരാധന പാരമ്പര്യമാണല്ലോ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. പോർട്ടുഗീസുകാരുടെ വരവിനു (1498 എ.ഡി.) മുമ്പ് മലങ്കരയിൽ പൗരസ്ത്യ സുറിയാനി ആരാധനാ പാരമ്പര്യം നിലവിലിരുന്നു. കത്തോലിക്കാ സഭയിൽ ചേർന്ന നസ്രാണികൾ അതായത് സീറോ മലബാർ സഭ പൗരസ്ത്യ സുറിയാനി ആരാധനാ പാരമ്പര്യം തുടർന്നു. രണ്ടു സുറിയാനി പാരമ്പര്യങ്ങളിലും വിശുദ്ധ കുർബാനയ്ക്ക് 'റാസ' അല്ലെങ്കിൽ 'റോസോ' എന്ന് പറഞ്ഞിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭ അവലംബിച്ചു വരുന്ന പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ 'റോസോ' എന്ന പദം വിശുദ്ധ മാമോദീസാ, വിശുദ്ധ മൂറോനഭിഷേകം, വിശുദ്ധ കുർബാന എന്നീ കൂദാശകൾക്ക് പൊതുവേയും വിശുദ്ധ കുർബാനയ്ക്ക് പ്രധാനമായും ഉപയോഗിക്കുന്നു. വിശുദ്ധ കുർബാന തക്സായിൽ വിശുദ്ധ കുർബാനയ്ക്ക് തത്തുല്യമായി 'റോസോ' എന്ന പദം ആവർത്തിച്ചു കാണാനാകും.

വിശുദ്ധ കുർബാനയെ 'വിശുദ്ധ കൂദാശ' എന്ന് സാധാരണയായി നാം വിശേഷിപ്പിക്കുമെങ്കിലും വിശുദ്ധ കുർബാന തക്സായിൽ കൂദാശ എന്ന് പരാമർശിക്കുന്നില്ല. മറിച്ച് 'റോസോ' (രഹസ്യം) എന്ന് ഏകവചനത്തിലോ 'റോസേ' (രഹസ്യങ്ങൾ) എന്ന് ബഹുവചനത്തിലോ പറഞ്ഞിരിക്കുന്നു. ചുരുക്കത്തിൽ റാസാ, റോസോ എന്നീ ശബ്ദങ്ങൾ വിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നു എന്നു സാരം.

2. റാസയും പെരുന്നാൾ പ്രദക്ഷിണവും

റാസ – റോസോ ശബ്ദങ്ങൾ വിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നുവെങ്കിൽ പെരുന്നാൾ പ്രദക്ഷിണത്തെ എന്തുകൊണ്ട് 'റാസ' എന്നു വിശേഷിപ്പിക്കുന്നു? ഉത്തരം: തീർത്തും അറിവില്ലായ്മ. എങ്ങനെ ഇത് നമ്മുടെ പള്ളിപ്പെരുന്നാൾ ഭാഷയിൽ വന്നുപെട്ടു? കത്തോലിക്കാ സഭയിലൂടെ; അന്ധമായ അനുകരണം മൂലം.

ഒന്നു വിശദീകരിക്കാമോ? ഉവ്വ്: കത്തോലിക്ക സഭ തിരുന്നാൾ (നമ്മുടെ പെരുനാൾ കത്തോലിക്കാ സഭയ്ക്ക് തിരുനാൾ ആണ്) ആഘോഷിക്കുമ്പോൾ പ്രദക്ഷിണത്തിന് വൈദികൻ തിരുവസ്ത്രം (നാം അംശവസ്ത്രം എന്ന വാക്കുപയോഗിക്കുന്നു) അണിഞ്ഞ് അരുളിക്കയിൽ തിരുവോസ്തി (നമുക്ക് വിശുദ്ധ കുർബാന) നിക്ഷേപിച്ച് എഴുന്നള്ളിച്ചുകൊണ്ടുപോകുന്നു. പ്രദക്ഷിണം ഊരുചുറ്റി നീങ്ങുമ്പോൾ വിശ്വാസികൾ തിരുവോസ്തി വണങ്ങുന്നു. തിരുവോസ്തി അതായത് വിശുദ്ധ കുർബാന = റാസ എഴുന്നള്ളിച്ചു നീങ്ങുന്ന പ്രദക്ഷിണം റാസയായി പരിണമിച്ചു. ഓർത്തഡോക്സ് സഭയിലാകട്ടെ, വൈദികർ അരുളിക്കയിൽ വിശുദ്ധ കുർബാന നിക്ഷേപിക്കുന്നില്ല, പകരം പരിശുദ്ധന്റെയോ പരിശുദ്ധയുടെയോ ചിത്രം വച്ചും അല്ലാതെയും കുരിശുള്ള അരുളിക്ക വഹിച്ച് വിശ്വാസികൾക്ക് അനുഗ്രഹം പകർന്ന് പ്രദക്ഷിണത്തിന്റെ പിൻനിരയിൽ നീങ്ങുന്നു. ഇതും റാസാ (റോസോ = വിശുദ്ധ കുർബാന) ഇല്ലെങ്കിലും റാസയായി വിശേഷിപ്പിക്കുന്നു.



ഇങ്ങനെയെങ്കിൽ ഓർത്തഡോക്സ് സഭയുടെ പ്രദക്ഷിണത്തെയും ഊരുവലത്തിനെയും 'റാസ' എന്നു വിളിക്കാമോ? ശുദ്ധാബദ്ധം എന്നല്ലാതെ എന്തു പറയാൻ; ഒരിക്കലും റാസ എന്നു വിശേഷിപ്പിക്കാൻ പാടുള്ളതല്ല. 'മംഗളമായ് തീരണമീ റാസ' എന്നു പാടുന്നതോ? അതും അബദ്ധം എന്നു വ്യക്തമാണല്ലോ. 'മംഗളമായ് തീരണമീ പെരുന്നാൾ' എന്ന് വിശുദ്ധ കുർബാനക്രമത്തിൽ കൊടുത്തിരിക്കുന്നതുപോലെ ചൊല്ലിയാൽ മതിയാവും. അങ്ങനെയേ ആകാവൂ.

3. പ്രദക്ഷിണമോ, ഊരുവലത്തോ?

ഈ വാക്കുകളിൽ ഏതാണ് പെരുന്നാൾ പ്രദക്ഷിണത്തിന് യുക്തം? 'ഊരുവലത്ത്' തന്നെ. എന്തുകൊണ്ട്? വിശദീകരിക്കാം. പ്രദക്ഷിണം എന്നാൽ പ്രകർഷേണയുള്ള വലംവയ്പ് എന്നർത്ഥം. വലംവയ്പ് പ്രദക്ഷിണം എന്നീ വാക്കുകൾ എല്ലാം പ്രായോഗികമായി ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു. പള്ളിക്കു ചുറ്റുമുള്ളതാവുമ്പോൾ വലംവയ്പും പ്രദക്ഷിണവും ഉചിതമാവും. എന്നാൽ ഊരു (ഗ്രാമം, പട്ടണം) ചുറ്റിയുള്ള വലംവയ്പാകുമ്പോൾ 'ഊരുവലത്ത്' എന്ന വാക്കാണ് വലംവയ്പ്, പ്രദക്ഷിണം എന്നീ പദങ്ങളേക്കാൾ ഏറെ ഉചിതം. 'ഊരുവലത്ത്' ഒരു നല്ല പഴയ ദ്രാവിഡ മലയാള പദമാണ്. എന്നാൽ ഇന്ന് പൊതുവേ സംസ്കൃത ഭാഷയിൽ നിന്നുള്ള പദങ്ങൾ ഉപയോഗിക്കുന്നതാണ് മലയാളികൾക്ക് കൂടുതൽ പ്രിയമായി കാണുന്നത്; ഒരു തരം പൊങ്ങച്ചം എന്നു പറയാം. അങ്ങനെ ഊരുവലത്ത് എന്ന പദത്തേക്കാൾ 'പ്രദക്ഷിണ'ത്തിന് ആകർഷണം കൂടി. എന്നാൽ ഊരുവലത്ത് എന്ന പദമാണ് ഏറെ സംഗതം.

4. കുരിശു വഹിച്ചുകൊണ്ടുള്ള വലംവയ്പും ഊരുവലത്തും

ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തിൽ കുരിശിനാണ് പ്രാധാന്യം. ഏതു ശുശ്രൂഷയ്ക്കും കുരിശു നടുക്കും, മെഴുകുതിരികൾ ഇടവും വലവും വച്ച് ധൂപാർപ്പണം നടത്തി പ്രാർത്ഥന നടത്തുന്നുണ്ടല്ലോ. കുരിശു നടുക്കും മെഴുകുതിരികൾ ഇടവും വലവും വഹിച്ചുകൊണ്ട് ധൂപാർപ്പണം നടത്തിയും വലംവയ്പും ഊരുവലത്തും നടത്തുന്നു. ഊരുവലത്ത് നടത്തുമ്പോൾ വിശ്വാസികൾ വന്ന് കുരിശു വഹിച്ചുകൊണ്ട് വരുന്ന വൈദികന്റെ കൈമുത്തി അനു

ഗ്രഹം പ്രാപിക്കുന്നു.

ഇപ്രകാരമുള്ള ഊരുവലത്തു മൂലം വസന്തയും, വ്യാധിയും, രോഗവും, പൈശാചിക ബന്ധനങ്ങളും, ഉപദ്രവവും വീട്ടിൽ നിന്നും നാട്ടിൽ നിന്നും നീങ്ങിപ്പോകും. വിശ്വാസികൾ മെഴുകുതിരികൾ കത്തിച്ചുപിടിച്ചും 'ദൈവമേ അനുഗ്രഹിക്ക, അപേക്ഷ കൈകൊള്ളണമേ' എന്നു തുടങ്ങുന്ന ഗാനം ആലപിച്ചും ഊരുചുറ്റി വലംവയ്ക്കുമ്പോൾ ദൈവം ഇറങ്ങിവരും, ഇടപെടും.

പെരുന്നാൾ സന്ദർഭത്തിലുള്ള ഊരുവലത്തുകൾ ഇന്ന് ഈ അന്തരീക്ഷം നിലനിർത്തുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തുന്നതു നന്നായിരിക്കും. ഒന്നിലേറെ വിവിധ ചെണ്ടമേളങ്ങൾ; ബാന്റ് സെറ്റുകൾ; വാഹനങ്ങളിലൂടെ കാതടിപ്പിക്കുന്നവിധമുള്ള അറിയിപ്പുകളും, ഗാനാലാപനങ്ങളും; അങ്ങനെ ആകെ ശബ്ദ കോലാഹലങ്ങൾ. ഇതിനു നടുവിൽ വിശ്വാസികളുടെ പ്രാർത്ഥനാലാപങ്ങൾ മുങ്ങിപ്പോവുന്നു. ഭക്തിനിർഭരം എന്നത് ഭക്തിശൂന്യമായി മാറുകയായി. ആരുടെ നാമത്തിലാണോ പെരുന്നാൾ നടത്തുന്നത് ആ പരിശുദ്ധൻ/പരിശുദ്ധ അകന്നു പോവുകയുമായി. അനുഗ്രഹം കൂടുതലുണ്ടാവുന്നതിനു പകരം, ഉള്ള അനുഗ്രഹവും കൂടി അന്യമായി പോകുന്നു. ഇവയെല്ലാം തിരുത്തപ്പെടേണ്ടവയാകുന്നു.





ഫാ. ഫിലിപ്പോസ് എബ്രഹാമിന് റമ്പാൻ സ്ഥാനം നൽകി

കുമ്പഴ: ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 20-11-2020-ന് അഹമ്മദാബാദ് അബു റോഡ് ജ്യോതിസ് ആശ്രമ മാനേജർ ഫാ. ഫിലിപ്പോസ് എബ്രഹാം അച്ചന് (റജു അച്ചൻ) റമ്പാൻ സ്ഥാനം നൽകി.

മാതൃഇടവകയായ തുമ്പമൺ ഭദ്രാസനത്തിലെ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ മാർ യൂലിയോസിന്റെ പ്രധാന കാർമ്മികത്വത്തിലും കുര്യാക്കോസ് മാർ ക്ലിമ്മീസ്, ജോഷ്വാ മാർ നിക്കോദിമോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും ശുശ്രൂഷ നടന്നു.

കോർ എപ്പിസ്ക്കോപ്പാമാർ, റമ്പാന്മാർ, വൈദികർ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, വിവിധ ഭദ്രാസനങ്ങളിലെ കൗൺസിൽ അംഗങ്ങൾ, അൽമായ പ്രമുഖർ, വിശ്വാസികൾ തുടങ്ങിയവർ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സന്നിഹിതരായിരുന്നു.

പട്ടംകൊട ശുശ്രൂഷക്ക് ശേഷം നടന്ന അനുമോദന സമ്മേളനത്തിൽ പത്തനംതിട്ട എം. പി. ആന്റോ ആൻറണി, വീണ ജോർജ്ജ് എം.എൽ.എ., അഖില മലങ്കര വൈദിക സംഘം സെക്രട്ടറി ഫാ. ഡോ. സജി അമയിൽ, ഫാ. ജോൺ ശങ്കരത്തിൽ ഫാ. ഡോ. റെജി മാത്യു, ഫാ. സജി യോഹന്നാൻ, ഫാ. ഐസക് ജോൺ, ഫാ. ചെറിയാൻ ഡി. സാമുവൽ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.



തലക്കോട് മാർ ഗ്രീഗോറിയോസ് ഐ.ടി.ഐ. യിൽ പുതുതായി ആരംഭിക്കുന്ന പ്രൊഡക്ഷൻ സെന്ററിന്റെ കൂദാശ ഗീവർഗീസ് മാർ കൂറിലോസിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. ഫാ. ഡോ. കെ. എം. ജോർജ്, ഫാ. ഡോ. ടി. പി. ഏലിയാസ് തുടങ്ങിയവർ സംബന്ധിച്ചു.



തലക്കോട് സെന്റ് മേരീസ് ചാപ്പലിൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണ പ്രഭാഷണം ഫാ. ഡോ. കെ. എം. ജോർജ് നിർവഹിക്കുന്നു. ഗീവർഗീസ് മാർ കൂറിലോസ്, ഫാ. ഡോ. ടി. പി. ഏലിയാസ്, ഫാ. വിനോജ് ജോർജ് (മാനേജർ, വെട്ടിക്കൽ ദയറാ) തുടങ്ങിയവർ സമീപം.

കേരള നവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകൻ



'സഭാ ജ്യോതിസ്സ്' (പുലിക്കോട്ടിൽ) ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ

ഫാ. ഡോ. ജോസഫ് ചീരൻ

1. ആമുഖം

ചരിത്ര ദശാസന്ധികളിൽ യുഗപുരുഷന്മാരായി അവതരിച്ച് ജനതയെ അജ്ഞാനാന്ധകാരത്തിൽ നിന്നും വിജ്ഞാന ദ്യുതിയിലേക്ക് നയിക്കുന്ന മഹദ് വ്യക്തിത്വങ്ങളെ സാംസ്കാരിക ജ്യോതിസ്സുകളായ നവോത്ഥാന നായകർ എന്ന് നിർവചിക്കാമെങ്കിൽ ആ ഗണത്തിൽ നിസംശയം ഉൾപ്പെടുന്ന മഹാത്മാവാണ് പരിശുദ്ധനായ 'സഭാജ്യോതിസ്സ്' പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനി.

ഊർജ്ജത്തിന്റെ മൂലകാരണമായ അഗ്നിയുടെ രഹസ്യം മനുഷ്യകുലത്തിന് വെളിപ്പെടുത്തിക്കൊടുക്കുക വഴി സർവോന്മുഖമായ സാംസ്കാരിക നവോത്ഥാനത്തിലേക്ക് അവനെ നയിച്ച പ്രൊമിത്യൂസ് ദേവൻ ഗ്രീക്ക് മിഥോളജിയിൽ നവോത്ഥാന നായകരുടെ ഉദാത്തമായ പ്രതീകമാണ്.

സ്വർഗ്ഗമാർഗ്ഗത്തിൽ പ്രവഹിച്ചിരുന്ന ദേവഗംഗയെ കഠിനതപം ചെയ്ത് ഹിമാലയസാനുക്കളിലേക്ക് പതിപ്പിച്ച് പ്രപഞ്ചത്തെ താരും തളിരുമണിഞ്ഞ ഉദ്യാനമാക്കി പുനർ നിർമ്മിച്ച മനുഷ്യസ്നേഹിയായ ഭഗീരഥനും യമുനാനദിയെ ഗതിമാറ്റിയൊഴുക്കി വരണ്ടുപോയ ഭൂപ്രദേശങ്ങളെ ഫലഭൂയിഷ്ടമാക്കി നാടിനെ പുനർജീവിപ്പിച്ച ബലരാമനും ഭാരതപുരാണങ്ങളിൽ നവോത്ഥാന നായകത്വത്തിന്റെ ചിരപ്രതിഷ്ഠ നേടിയ പ്രതീകങ്ങളാണ്.

ആധുനിക ഭാരതചരിത്രത്തിൽ ഈവണ്ണം നവോത്ഥാനത്തിലേക്ക് ജനതയെ നയിച്ചവരിൽ ശ്രീ. രാജാറാം മോഹൻ റായ് (1827-1890), മഹാത്മാഗാന്ധി, സ്വാമി വിവേകാനന്ദൻ, ഡോ. അംബേദ്ക്കർ (1891-1956) എന്നിങ്ങനെ അനേകം സാംസ്കാരിക നായകന്മാരെ കാണാം. മലയാളക്കരയിൽ നിന്നും ഈ ഗണത്തിൽ ആരെയെങ്കിലും ഉൾപ്പെടുത്താമെങ്കിൽ അതിൽ പ്രഥമസ്ഥാനം പഴയ സെമിനാരി സ്ഥാപനത്തിലൂടെ ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും വൈദിക പരിശീലനത്തിനും വിത്തുപാകി തദ്വാരാ സാംസ്കാരിക കേരളത്തിന് അടിത്തറ പാകിയ സ്മര്യപുരുഷനാണ് എന്ന് അവിതർക്കിതമായി പറയാം.

ചരിത്ര ആഖ്യായികകളും പഠനങ്ങളും ഭാരതത്തിൽ സാർവ്വത്രികമാകുന്നതിന്റെ മുമ്പായിരുന്നു സ്മര്യപുരുഷന്റെ കർമ്മകാണ്ഡമെന്നതിനാലും ഭാരത നവോത്ഥാന ചരിത്രകാരന്മാരുടെ ദൃഷ്ടി ഇന്ദ്രപ്രസ്ഥത്തിൽ നിന്നും മലയാളക്കര വരെ എത്തുന്നതിലെ സംവേദനക്ഷമതയുടെ കുറവു മൂലവും എല്ലാത്തിലുമുപരി ജാതിമത ചിന്തകൊണ്ട് തിമിരം ബാധിച്ച കണ്ണുകളാണ് കേരള നവോത്ഥാന ചരിത്രരചനയ്ക്കും മറ്റും നേതൃത്വം നൽകിയത് എന്നതിനാലുമൊക്കെയാവാം നവോത്ഥാന ചരിത്രത്തിലെ ഈ പ്രപിതാമഹനെ കേരള-ഭാരത നവോത്ഥാന ചരിത്രം ഒരുപോലെ വിസ്മരിച്ചത് എന്ന് തോന്നുന്നു.

സ്മര്യപുരുഷന്റെ 175-ാം ചരമവാർഷികം പ്രമാണിച്ച് 1990-ൽ ആരംഭിച്ച ചരിത്രഗവേഷണത്തിന്റെ ഫലമായി അഭ്യൂഹങ്ങൾക്കും പാരമ്പര്യകേൾവികൾക്കും അപ്പുറത്ത് ചരിത്രം കുറേക്കൂടെ തെളിമയോടെ ലഭ്യമായിത്തുടങ്ങി. തുടർന്നുള്ള കാൽ നൂറ്റാണ്ടിനിടയിൽ അദ്ദേഹത്തെപ്പറ്റി നാലിലധികം ജീവചരിത്രപുസ്തകങ്ങളും അനേകം ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകൃതമായി. ഇപ്പോഴും അദ്ദേഹത്തിന്റെ സമഗ്ര സംഭാവനകളെപ്പറ്റിയുള്ള ഗവേഷണങ്ങൾ തുടരുകയും ചെയ്യുന്നു.

2. ജീവചരിത്രം

സംഭവബഹുലമായ ആ ജീവിതത്തിന് 1740 നവംബർ 25-ന് തിരശ്ശീല ഉയർന്നു. തൃശൂർ ജില്ലയിൽ കുന്നംകുളത്ത് മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ പാലൂർ-ചാട്ടുകുളങ്ങര (ആർത്താറ്റ്) ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളി ഇടവകയിൽ ഭൂജാതനായ അദ്ദേഹം പൈലപ്പൻ എന്നു പേരുള്ള കുടിപ്പള്ളിക്കൂടം ആശാന്റെ കീഴിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. തച്ചുശാസ്ത്രത്തിൽ അതീവ താൽപര്യം പുലർത്തിയ ബാലനെ ഗുരുനാഥന്റെ ഉപദേശപ്രകാരം മാതാപിതാക്കൾ (പുലിക്കോട്ടിൽ ചുമ്മാർ, എളിച്ചി - ശെമവൂൻ-ഏലിശ്ബാ) തൊട്ടടുത്തുള്ള തച്ചുശാസ്ത്രവിശാരദനായ കാണിപ്പയ്യൂർ ഇല്ലത്തെ മുഖ്യ ഗുരുവിന്റെ കീഴിൽ തച്ചുശാസ്ത്രപഠനത്തിനയച്ചു. പിതൃഭവനത്തിനടുത്തുള്ള കുന്നംകുളം പഴയപള്ളിയും മാതൃഭവനത്തിനടുത്തുള്ള പഴഞ്ഞി പള്ളിയും ജിജ്ഞാസുവായ ബാലനെ പുരോഹിതവൃത്തിയിലേക്ക് ആകർഷിച്ചിരുന്നു. നാലാം മാർത്തോമ്മായുടെ (1689-1728) കാലത്തും അഞ്ചാം മാർത്തോമ്മായുടെ കാലത്തും (1728-1765) ആറാം മാർത്തോമ്മായുടെ കാലത്തും (1765-1808) സഭാ നേതൃത്വത്തിന്റെ പൗരോഹിത്യ സാധുതയെക്കുറിച്ച് ഉത്ഭവിച്ച തർക്കവിതർക്കങ്ങളിൽപെട്ട് മലങ്കരസഭ തീച്ചൂളയിൽ കൂടെ കടന്നുപോയിരുന്ന കാലമായിരുന്നു അത്. റോമൻ സഭയുടെ ആധിപത്യം ഉയർത്തിക്കാണിച്ച പ്രലോഭ



ഓർമ്മ നവംബർ 24-ന് പഴയസെമിനാരിയിൽ



നങ്ങളിൽപ്പെട്ട് മാർത്തോമ്മാ മെത്രാന്മാർ പോലും തങ്ങളുടെ പിതാക്കന്മാർ 1653-ൽ മട്ടാഞ്ചേരിയിൽ പ്രഖ്യാപിച്ച കൂനൻകുരിശുസത്യത്തെ തൃണവത്ഗണിച്ചുകൊണ്ട് സഭയെ റോമൻ തൊഴുത്തിൽ കെട്ടുവാൻ മടിക്കാതിരുന്ന കാലമായിരുന്നു അത്. അതിന്റെ ശക്തമായ ചലനങ്ങൾ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങര പള്ളിയിലും പ്രശ്നങ്ങൾ സൃഷ്ടിച്ചു. പതിറ്റാണ്ടുകളോളം ദൈവമാതാവിന്റെ പള്ളിയും അതിന്റെ ചാപ്പൽ ആയ ചാവക്കാട് മാർ കുറിയാക്കോസ് കുരിശുപള്ളിയും തർക്കത്തിൽപ്പെട്ട് പൂട്ടിക്കിടന്നു. സാമൂതിരിയുടെ കീഴിലായിരുന്ന ചാവക്കാട് മാർ കുറിയാക്കോസ് പള്ളി (ഇന്നത്തെ പാലയൂർ പള്ളി) റോമൻ അനുഭാവികൾക്ക് തുറന്ന് കിട്ടി എങ്കിലും ദൈവമാതാവിന്റെ പള്ളി അപ്പോഴും ആരാധനയില്ലാതെ ശവസംസ്കാരഭൂമി മാത്രമായി അവശേഷിച്ചു. 1751-ൽ ശാക്രള്ള ബാവായും മറ്റും ചിറളയം പള്ളിയിൽ താമസിക്കുവാനും ചിറളയം പള്ളിയിൽ മല്പാൻ വിദ്യാലയം സ്ഥാപിക്കാനും ഇടയായത് ഇക്കാലത്താണ്; ഇക്കാരണത്താലുമാണ്.

ആറാം മാർത്തോമ്മായുമായുണ്ടായ വ്യവഹാരത്താൽ തിരു-കൊച്ചി സംസ്ഥാനങ്ങളിൽ നിന്ന് ബഹിഷ്കൃതരായ കാട്ടുമങ്ങാട്ട് കൂറിലോസ് പ്രഭൃതികളെ കുന്നംകുളത്ത് സുരക്ഷിതമായി പാർപ്പിച്ചതിലും കുന്നംകുളത്തോട് ചേർന്ന് ബ്രിട്ടീഷ് മലബാറിൽപെട്ട അഞ്ഞൂരിൽ ഒരു ദേവാലയവും ആസ്ഥാനവും പണിത് 1774-ൽ അവരെ അവിടേക്ക് നിയോഗിച്ചതിലും ചരിത്രപുരുഷന്റെ നേതൃപാടവവും സഭാദർശനവും വ്യക്തമാവുന്നുണ്ട്. വംശപിന്തുടർച്ചയുടെ പേരിൽ അനർഹർ സഭയുടെ നേതൃസ്ഥാനങ്ങളിൽ വന്ന് ചേക്കേറുന്നതിനെതിരെ അന്ന് സഭയിൽ രൂപംകൊണ്ട ആശയപരമായ വിപ്ലവത്തെ ചരിത്രപുരുഷൻ പിന്തുണയ്ക്കുകയായിരുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

1789-ൽ ടിപ്പു സുൽത്താന്റെ പട ചാട്ടുകുളങ്ങര ദൈവമാതാവിന്റെ പള്ളി തീവെച്ച് നശിപ്പിച്ചപ്പോൾ അദ്ദേഹം ഏറെ വേദനിച്ചു. ആക്രമണഭീഷണിയിൽ ചിതറി ഓടിയ ജനങ്ങളെ അദ്ദേഹം ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി കുന്നംകുളത്തിന്റെ വിവിധ ഭാഗങ്ങളിൽ അവരെ താമസിപ്പിച്ചു. ചിറളയം രാജാവിന്റെയും മണക്കുളം രാജാവിന്റെയും സഹായത്തോടെ കുന്നംകുളം-ചിറളയം പള്ളികൾ അദ്ദേഹം വിപുലമാക്കി പണിയിച്ചത് ഇക്കാലത്താണ്. യുവസന്യാസവൈദികനും സാമൂഹ്യപരിഷ്ക്കർത്താവും ഗുരുവും വൈദിക പഠനശാലയിലെ മുഖ്യമല്പാനുമൊക്കെയായി അദ്ദേഹം പ്രവർത്തിച്ചിരുന്ന കാലത്ത് 1800-ൽ കുന്നംകുളത്ത് പര്യടനം നടത്തിയ ഡോ. ഫ്രാൻസിസ് ബുക്കാനനെ അദ്ദേഹം സന്ദർശിച്ച വിവരം ബുക്കാനൻ (ബുക്കാനന്റെ കേരളം, വിവർത്തനം-സി. കെ. കരീം) രേഖപ്പെടുത്തിയിട്ടുണ്ട്. കുന്നംകുളം പാപ്പാ എന്നാണ് ബുക്കാനൻ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്.

കുന്നംകുളത്തെ സുറിയാനിക്കാരുടെ നേതാവും കർത്തവ്യനുമായ 'കഹന യൗസേഫ്' (ഇട്ടൂപ്പ് മല്പാൻ) ചാട്ടുകുളങ്ങര പള്ളി തുറന്നുതരുവാനുള്ള അഭ്യർത്ഥനയുമായി പലവട്ടം കൊച്ചി രാജാവിനെ സന്ദർശിച്ച വിവരം 1829-ൽ വിരചിതമായ ആർത്താറ്റ് പള്ളിപ്പാട്ടിൽ പ്രസ്താവിക്കുന്നുണ്ട്. ഒടുവിൽ കൊച്ചി രാജാവായി ശക്തൻ തമ്പുരാൻ ഭരണമേറ്റപ്പോൾ ഇട്ടൂപ്പ് മല്പാന്റെ ചിരകാലാഭിലാഷം സഫലമായി. രാജാവ് സ്ഥലത്തെത്തി. രണ്ടുഭാഗക്കാരുടെയും സങ്കടം കേട്ടു. അവകാശത്തർക്കം നറുക്കെടുപ്പിലൂടെ തീർക്കുവാൻ ഇരുകൂട്ടരും സമ്മതിച്ചു. പള്ളിയും തർക്കഭൂമിയിൽ ഒരു ഭാഗവും ഒരു ഭാഗത്തിനും തർക്കഭൂമിയിൽ ഒരു ഭാഗവും കുരിശു പള്ളിയും മറുഭാഗക്കാർക്കും ലഭിച്ചു.

3. തലപ്പള്ളിയുടെ പുനർനിർമ്മാണം

തർക്കമൊഴിഞ്ഞ് കിട്ടിയ ദേവാലയം അദ്ദേഹം ഏതാനും മാസങ്ങൾ കൊണ്ട് പുനർനിർമ്മിച്ചു. അദ്ദേഹത്തിന്റെ ആസൂത്രണ വൈഭവവും ശിൽപചാതുര്യവും സംഘാടക വൈഭവവും അദ്ധ്വാനസന്നദ്ധതയും ജനസമ്മതിയും ഭാവനാവൈഭവവും ക്രാന്തദർശിത്വവും വിളിച്ചോതിക്കൊണ്ട് ആ ദേവാലയം മലങ്കരസഭയിലെ ഒരു വിസ്മയമായി ഇന്നും നിലകൊള്ളുന്നു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ദേവാലയം എന്ന ചിന്ത ദേവാലയ നിർമ്മിതിയുടെ ഓരോ ഘട്ടത്തിലും അദ്ദേഹത്തെ ഭരിച്ചിരുന്നു. ഒരു മെത്രാപ്പോലീത്തൻ ആസ്ഥാനമാകാൻ ഉതകുംവിധമാണ് അദ്ദേഹം ആ ദേവാലയത്തെ രൂപകല്പന ചെയ്തത്. അതിന്റെ ഗാംഭീര്യവും അതിബൃഹത്തായ ആകാരവും ഇന്നും നമ്മെ അത്ഭുതപ്പെടുത്തുന്നു.

4. ആർത്താറ്റ് പടിയോല (1806)

ഇടവകയിൽ പ്രവർത്തിക്കുമ്പോഴും ഇടവകയ്ക്ക് പുറത്ത് സഭയുടെയും നാടിന്റെയും അതിസൂക്ഷ്മമായ ചലനങ്ങളെപ്പോലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പന്ത്രണ്ടുപേർ അടങ്ങിയ ഒരു ഭരണസമിതിയെയും (അവരെ കസേരക്കാർ എന്നാണ് വിളിച്ചിരുന്നത്) ഒരു മേൽവികാരിയേയും ഇടവക ഭരണസമിതിയായി അദ്ദേഹം ചുമതലപ്പെടുത്തി. സ്വന്തം ഇടവകയിലെ പ്രശ്നങ്ങൾ അവസാനിച്ചു എങ്കിലും പ്രശ്നങ്ങളുമായി പുകയുന്ന ഇടവകകൾ മലങ്കരയിൽ ഏറെ ഉണ്ടായിരുന്നു. കാലാകാലങ്ങളായി മലങ്കരസഭയിൽ കോളനി മനോഭാവത്തോടെ വന്ന വിദേശസഭാശക്തികൾ അവശേഷിപ്പിച്ച പാരമ്പര്യങ്ങൾ ഇടവകകളെ ശിഥിലമാക്കിയിരുന്നു. സ്വാതന്ത്ര്യത്തിലേക്കും സ്വത്വബോധത്തിലേക്കും അവരെ ആഹ്വാനം ചെയ്യുവാനുള്ള ചുമതല തലപ്പള്ളി ഏറ്റെടുക്കുകയായിരുന്നു. മലങ്കരസഭയെ കോളനിയാക്കുവാൻ ശ്രമിച്ചിട്ടുള്ള റോം, ബാബിലോൺ, അന്ത്യോഖ്യ എന്നിവയുടെ സ്വാധീനങ്ങളെ ഉപേക്ഷിച്ച് മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തിലേക്കു മടങ്ങിവരുവാൻ നടത്തുന്ന ആഹ്വാനമാണ് ആർത്താറ്റ് പടിയോലയുടെ ആത്മാവ്. ഈ അർത്ഥത്തിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ മാഗ്നാകാർട്ടാ എന്ന് ചരിത്രകാരന്മാർ ഇതിനോടകം വിശേഷിപ്പിച്ച ആർത്താറ്റ് പടിയോല 'ആർത്താറ്റ് വിളംബരം' എന്ന പേർ ആണ് കൂടുതൽ അർഹിക്കുന്നത്. മൂന്ന് അടരുകളായി ഈ വിളംബരത്തെ സമീപിക്കേണ്ടതുണ്ട്.

1. പാലൂർ ഇടവകയുടെ ചരിത്രത്തിൽ റോമൻ ബന്ധത്തെ മുൻനിർത്തിയുള്ള തർക്കങ്ങൾ ശക്തിപ്പെട്ടതും തന്മൂലം പതിറ്റാണ്ടുകൾ പള്ളി ആരാധനകളില്ലാതെ പൂട്ടിയിടേണ്ടി വന്നതുമായ ഹൃദയഭേദകമായ സമീപകാലചരിത്രം.

2. നെസ്തോർ മെത്രാന്മാരുമായി ചങ്ങാത്തം കൂടുവാനും പുനരൈക്യം എന്ന പ്രലോഭനകാരിയായ പദം കൊണ്ട് റോമൻ ആധിപത്യത്തിൽ ചേരുവാനുമായി മലങ്കരസഭയിൽ നടന്ന ശ്രമങ്ങൾ, ആറാം മാർത്തോമ്മാ ഔപചാരികമായി റോമൻ സഭയിൽ ചേർന്നതും ഒറ്റപ്പെട്ട സഭാത്യാഗമായതിനാൽ ആറു മാസക്കാലം കഴിഞ്ഞ് മാതൃസഭയിൽ തിരിച്ചെത്തിയതുമായ സമീപകാല മലങ്കര സഭാ ചരിത്രസംഭവങ്ങൾ.

3. പോർച്ചുഗീസ്, ഡച്ച്-ഇംഗ്ലീഷ് ഭരണങ്ങളിലൂടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഭാരത ദേശീയതയുടെ അടിമത്തച്ചങ്ങല പൊട്ടിച്ച് തദ്ദേശീയമായ സാംസ്കാരിക തനിമയിലേക്ക് നാടിനെ ആഹ്വാനം ചെയ്യുന്ന ദേശീയ വികാരം.

ഈ മൂന്ന് തലങ്ങളിൽ ആർത്താറ്റ് ചെപ്പേടിനെ അപഗ്രഥിക്കുവാൻ ശ്രമിച്ചാൽ സ്മര്യപുരുഷൻ പുലർത്തിയ ഭാവനാവിലാസവും പ്രതിഭാവിലാസവും നമുക്കു മനസ്സിലാക്കാം. ആർത്താറ്റ് പടിയോലയിലെ ആഹ്വാനം കഴിഞ്ഞ് അഞ്

പതിറ്റാണ്ട് കഴിഞ്ഞിട്ടേ ഒന്നാം ദേശീയ സ്വാതന്ത്ര്യ വിപ്ലവം (ശിപായി ലഹള) അരങ്ങേറിയുള്ളു എന്ന് തിരിച്ചറിയുമ്പോൾ ഇടവകയുടെയും സഭയുടെയും നാടിന്റെയും നവോത്ഥാനം സ്വപ്നം കാണുന്ന ഒരു പ്രവാചകന്റെ മുഖം നാമിവിടെ കാണുന്നു.

5. കണ്ടനാട് പടിയോല (1809)

1806-ലെ ആർത്താറ്റ് പടിയോലയുടെ അനുബന്ധവും വികാസവുമാണ് കണ്ടനാട് പടിയോലയിൽ നാം കാണുന്നത്. വൈവിധ്യമാർന്ന ആരാധനാ പാരമ്പര്യങ്ങൾ, സാമൂഹിക ആചാരങ്ങൾ, ഭരണസമ്പ്രദായങ്ങൾ എന്നിവയെ ഏകീകരിക്കുവാനുള്ള ശ്രമം കണ്ടനാട് പടിയോലയിൽ കാണാം. സാധുവായ കൈവെപ്പില്ലാതെ മെത്രാൻസ്ഥാനം അവകാശപ്പെട്ട എട്ടാം മാർത്തോമ്മായ്ക്കെതിരെ ഉയർന്ന ജനരോഷത്തെ മയപ്പെടുത്തുവാനാണ് അന്തരിച്ച ഏഴാം മാർത്തോമ്മായുടെ ഉപദേശകരായിരുന്ന കുന്നംകുളം ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും കൂടി ശ്രമിച്ചത്. മെത്രാൻപട്ടം സാധുവല്ലെങ്കിൽ പോലും കശ്ശീശാ പട്ടത്തിന് സാധുത്വമുണ്ടായിരുന്നതിനാൽ മെത്രാൻസ്ഥാനത്തിന്റെ കൈവെപ്പ് ഗുരുതരമായ പ്രശ്നമാക്കേണ്ടതില്ല എന്ന് ശ്ലൈഹിക പാരമ്പര്യവും അലക്സാന്ത്രിയൻ പാരമ്പര്യവും മലങ്കരസഭയിലെ പുരാതന പാരമ്പര്യവും ഗ്രഹിച്ചിരുന്ന മല്പാന്മാർക്ക് അറിയാമായിരുന്നതിനാൽ എട്ടാം മാർത്തോമ്മായെ സ്വീകരിക്കുന്നതിൽ പടിയോലയുടെ ശില്പികൾ യാതൊരു അസാംഗത്യവും കണ്ടില്ല. അതേസമയം മലങ്കരസഭയുടെ സർവതലസ്പർശിയായ ഒരു ഭരണക്രമത്തിന്റെ ആദിരൂപം കണ്ടനാട് പടിയോലയിൽ അന്തർഭവിച്ചിട്ടുള്ളത് നമ്മുടെ ശ്രദ്ധയിൽപ്പെടാതിരുന്നു കൂടാ. ഭാരതത്തിലെ യാതൊരു സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സംഘടനകൾക്കും സ്വന്തമായ ഒരു ഭരണഘടന ഇല്ലാതിരുന്ന കാലത്താണ് പുലിക്കോട്ടിൽ മല്പാൻ ഈ പരീക്ഷണം സർവ്വസമ്മതമായും വിജയകരമായും അവതരിപ്പിച്ചത്.

1809-ലെ കണ്ടനാട് പള്ളിപ്രതിപുരുഷയോഗം ചരിത്രപുരുഷനെ റമ്പാനാക്കാൻ നിശ്ചയിച്ചു. അദ്ദേഹത്തെയും പീലിപ്പോസ് റമ്പാനെയും എട്ടാം മാർത്തോമ്മായുടെ ഉപദേശകർ ആയി നിയമിച്ചു. 1809 കന്നി എട്ടാം തീയതി ദൈവമാതാവിന്റെ ആർത്താറ്റ് പള്ളിയിൽ വച്ച് ചരിത്രപുരുഷൻ എട്ടാം മാർത്തോമ്മായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു.

6. 1811-ലെ ബൈബിൾ വിവർത്തനം

1806-ൽ മലങ്കരസഭയിൽ സന്ദർശനം നടത്തിയ ക്ലോഡിയസ് ബുക്കാനൻ ആവശ്യപ്പെട്ടതനുസരിച്ച് ആറാം മാർത്തോമ്മാ വേദപുസ്തക പരിഭാഷയ്ക്കായി രണ്ടു സുറിയാനി പണ്ഡിതന്മാരെ പരിചയപ്പെടുത്തിക്കൊടുത്തു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനുമായിരുന്നു അവർ. അവർ ഉൾപ്പെടെ മൂന്നുപേരെ വേദപുസ്തകം സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുവാൻ ബുക്കാനൻ ചുമതലപ്പെടുത്തി. അവർക്കുള്ള വേതനവും അദ്ദേഹം ഏർപ്പെടുത്തി (മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ, 1819, മൂന്നാം പതിപ്പ്, ലണ്ടൻ, പുറം 80).

പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ, തിമ്മയ്യാപ്പിള്ള എന്നിവരാണ് ആ മൂന്നുപേർ. 1816-ൽ മലങ്കരസഭ സന്ദർശിച്ച കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് തോമസ് മിഡിൽട്ടന്റെ ജീവചരിത്രം രണ്ട് വാല്യങ്ങളായി ചാൾസ് വെബ് 1831-ൽ പ്രസിദ്ധപ്പെടുത്തി. അതിലെ ഒരു ഭാഗം കാണുക. "ബിഷപ്പ് മിഡിൽട്ടൺ സന്ദർശിച്ച പള്ളികളിൽ ആദ്യത്തേത് തൃപ്പൂണിത്തുറയിലേതായിരുന്നു. .... ഈ പള്ളി കത്തോലിക്കരും സുറിയാനിക്കാരും വ്യത്യാസം കൂടാതെ ഉപയോഗിച്ചിരുന്നു. ... ആദ്യം പള്ളിയിലെത്തുന്നവർ ആരാധന നയിക്കും. ... മിഡിൽട്ടൺ സന്ദർശിക്കുമ്പോൾ ഇരു വിഭാഗങ്ങളിലെയും പട്ടക്കാർ സന്നിഹിതർ ആയിരുന്നു. സുറിയാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതുമായ മലയാളം സുവിശേഷപുസ്തകം സുറിയാനി വൈദികർ (സന്ദർശകനെ) കാണിച്ചു. ... അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാളപരിഭാഷ ഉണ്ടായിരുന്നു. കുട്ടികൾക്കുപോലും ഗ്രഹിക്കത്തക്കവിധം അത് ലളിതവും പ്രയോജനപ്രദവുമെന്ന് അവർ കരുതുന്നു. ജോസഫ് റമ്പാനാണ് അത് തയ്യാറാക്കിയത്. അദ്ദേഹമാണിപ്പോഴത്തെ (1816) മെത്രാൻ. മാർ ദീവന്നാസ്യോസ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അതേ പേരുള്ള മുൻമെത്രാന്റെ പ്രേരണയാൽ ആണ് ഈ വിവർത്തനം തയാറാക്കപ്പെട്ടത് (പുറം 284-292. ഈ ഗ്രന്ഥത്തിന്റെ ഇന്റർനെറ്റ് എഡിഷൻ വെബ്ബിൽ ലഭ്യമാണ്). ഈ സമകാല പരാമർശങ്ങൾ കൂടാതെ നിരവധി രേഖകൾ ഈ

മലങ്കരസഭയെ കോളനിയാക്കുവാൻ ശ്രമിച്ചിട്ടുള്ള റോം, ബാബിലോൺ, അന്ത്യോഖ്യ എന്നിവയുടെ സ്വാധീനങ്ങളെ ഉപേക്ഷിച്ച് മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തിലേക്കു മടങ്ങിവരുവാൻ നടത്തുന്ന ആഹ്വാനമാണ് ആർത്താറ്റ് പടിയോലയുടെ ആത്മാവ്.

കാര്യത്തിൽ ലഭ്യമാണ്. മഹാകവി ഉള്ളൂർ (20-ാം നൂറ്റാണ്ട്) വിവർത്തകൻ കായംകുളം റമ്പാൻ ആണെന്നാണ് എഴുതിയത്. അത് അദ്ദേഹത്തിന് ലഭിച്ച വിവരം എന്നല്ലാതെ ആധികാരിക രേഖയായി സ്വീകരിക്കുവാൻ കഴിയില്ല. ബുക്കാനന്റെയും മിഡിൽട്ടന്റെയും സാക്ഷ്യങ്ങളെ ഖണ്ഡിക്കുവാൻ അത് പര്യാപ്തമല്ല. ഇതൊരു പ്രാദേശിക വികാരമായി ചിലർ ആരോപിക്കുവാൻ ശ്രമിക്കുന്നത് ദുരുദ്ദേശ്യപരമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബൈബിളിന്റെ ബാക്കി ഭാഗങ്ങൾ കൂടി വിവർത്തനം ചെയ്യുവാൻ ചരിത്രപുരുഷനെ താൻ ആദരപൂർവ്വം നിർബ്ബന്ധിച്ചതായി കേണൽ മൺറോ 1816 ജൂലൈ 19-നു അയച്ച കത്തിൽ പറയുന്നു. 1815 ആഗസ്റ്റ് 7-നു അയച്ച കത്തിൽ മൺറോ എഴുതുന്നു: "ഞാൻ മദ്രാസിലേക്ക് പോകുന്നതിന് മുമ്പ്, താങ്കൾ ബൈബിളിന്റെ മുഴുവൻ ഭാഗങ്ങളും മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്യുവാൻ തുടങ്ങി. അതിന് പ്രതിഫലം ഒന്നും ആവശ്യമില്ലെന്ന് സുറിയാനിക്കാരുടെ മെത്രാൻ എന്നോടു പറഞ്ഞു (സഭാചരിത്രം, പി. ചെറിയാൻ ജഡ്ജി, അനുബന്ധം - മിഷനറിമാരുടെ കത്തുകൾ). (ഇപ്രകാരം നടത്തിയ വിവർത്തനത്തിൽ സങ്കീർത്തനപ്പുസ്തകം പൂർണ്ണമായും അപ്രകാശിത രൂപത്തിൽ കണ്ടുകിട്ടിയിട്ടുണ്ട്. പഴയനിയമത്തിലെ ചില പുസ്തകങ്ങൾ കുന്നംകുളം പനയ്ക്കൽ കുടുംബത്തിൽ നിന്നും ശേഖരിച്ചത് ബഥനിയിലെ ബഹു. കുറിയാക്കോസ് അച്ചൻ കോട്ടയം പഴയസെമിനാരിയിൽ ഏൽപിച്ചതായി അറിയാം.)

ഒരു നാടിന്റെ നവോത്ഥാനത്തിന് എപ്പോഴും അനിവാര്യമായിട്ടുള്ളത് ആശയങ്ങൾ ആണ്. ബംഗാളിൽ രാജാറാം മോഹൻ റോയിയും ബൈബിൾ നൽകിയ ആശയങ്ങൾ ഉൾക്കൊണ്ടിട്ടാണ് നവോത്ഥാന സംരംഭത്തിന് ആരംഭം കുറിച്ചത്. ഹീബ്രൂ പഠിച്ച് പഴയനിയമവും ഗ്രീക്കു പഠിച്ച് പുതിയനിയമവും അദ്ദേഹം ബംഗാളിയിലേക്ക് തർജ്ജിമ ചെയ്തതോടെയാണ് ബംഗാളിൽ നവോത്ഥാനാഗ്നി പടർന്നു പിടിച്ചത്. കേരളത്തിലും ദൈവം പിതാവും മനുഷ്യർ പരസ്പരം സഹോദരങ്ങളുമാണ് എന്ന ആശയമാണ് സമത്വത്തിന്റെ അഗ്നി പാകിയത്. ഈ അഗ്നി മലയാളി ആദ്യം പരിചയപ്പെട്ടത് 1811-ലെ ബൈബിളിലൂടെയാണ്. അത് പഠിച്ച് അതിന്റെ പ്രചാരകന്മാരുടെ ഒരു സംഘം സംജാതമാകുവാൻ വീണ്ടും കുറെ ദശാബ്ദങ്ങൾ കഴിയേണ്ടി വന്നു. നവോത്ഥാനത്തിന്റെ ശക്തമായ അടിത്തറയും ബീജവാപവും ഉണ്ടായത് 1811-ലെ മലയാളം ബൈബിൾ മൂലമാകയാൽ ചരിത്രപുരുഷനെ കേരള നവോത്ഥാനത്തിന്റെ ആദ്യ പ്രവാചകൻ എന്ന് ന്യായമായും വിശേഷിപ്പിക്കേണ്ടതാണ്. കേരളത്തിന്റെ നവോത്ഥാന നായകന്മാർ എന്ന് നാം വാഴ്ത്തുന്ന പല മഹാരഥന്മാരും ജനിച്ചത് തന്നെ അര നൂറ്റാണ്ടിനു ശേഷമായിരുന്നു എന്ന് ഓർക്കണം.

7. കോട്ടയം പഴയസെമിനാരി സ്ഥാപനം (1815)

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങൾ തമ്മിലുള്ള മാനസികവും സാംസ്കാരികവുമായ ശീതസമരം സഭാതലത്തിലും ചരിത്രാതീത കാലം മുതൽ പ്രതിഫലിക്കുന്നത് കൂടി കണക്കിലെടുത്താണ് കണ്ടനാട് പടിയോലയിൽ, രണ്ടു പഠിത്തവീടുകളെ ചരിത്രപുരുഷൻ വിഭാവനം ചെയ്തത്. തെക്കും വടക്കും ഓരോ മെത്രാസനാസ്ഥാനങ്ങൾ ഭാവിയിൽ വികസിപ്പിച്ചെടുക്കണമെന്നും നിരണത്തും കണ്ടനാടുമായി രണ്ടു മെത്രാന്മാർ ഭരിക്കണമെന്നും ഏഴാം മാർത്തോമ്മാ പുലർത്തിയ സ്വപ്നത്തിന്റെ സാക്ഷാൽക്കാരമായിരുന്നു രണ്ട് പഠിത്തവീടുകൾ എന്ന പദ്ധതി. ഒരു പഠിത്തവീടിന്റെ ചുമതല തന്റെയും തെക്കുള്ള പഠിത്തവീടിന്റെ ചുമതല കായംകുളം റമ്പാന്റെയും നിയന്ത്രണത്തിലേൽപിക്കാൻ ആയിരുന്നു പദ്ധതി. എന്നാൽ 1811-ൽ കായംകുളം റമ്പാൻ നിര്യാതനായതോടെ ആ പദ്ധതി ഒരു പഠിത്തവീട് എന്ന് പരിമിതപ്പെടുത്തേണ്ടിവന്നു (കായംകുളം റമ്പാൻ എന്ന സഹപ്രവർത്തകന്റെ നിര്യാണത്തിൽ പുലിക്കോ


ട്ടിൽ ഇട്ടൂപ്പ് റമ്പാൻ മനംനൊന്ത് പൗരസ്ത്യ സുറിയാനി ഭാഷയിൽ കൂക്കോയോ രാഗത്തിൽ എഴുതിയ വിലാപദശകം (കേരളത്തിൽ വിരചിതമായ ഒന്നാമത്തെ വിലാപ കവിത) ഈ ലേഖകൻ തൊഴിയൂർ ഗ്രന്ഥപ്പുരയിലെ കൈയെഴുത്ത് ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുക്കുകയും തൃശൂരിലെ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായുടെ സഹായത്തോടെ വിവർത്തനം ചെയ്ത് ചരിത്രപുരുഷന്റെ ജീവചരിത്രത്തിന്റെ രണ്ടാം പതിപ്പിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.). ഭരണാധികാരികളുമായി സമ്പർക്കം പുലർത്തി സഭാവിഷയങ്ങളിൽ അവരുടെ അനുഭാവം നേടിയെടുക്കുന്ന സ്വഭാവം ചെറുപ്പം മുതൽ വളർത്തിയെടുത്ത ഇട്ടൂപ്പ് റമ്പാൻ തിരുവിതാംകൂർ റസിഡണ്ടായി നിയമിക്കപ്പെട്ട കേണൽ മൺറോയുമായി സമ്പർക്കം പുലർത്തുകയും പഠിത്തവീടിനെപ്പറ്റിയുള്ള തന്റെ സ്വപ്നങ്ങൾ അദ്ദേഹത്തോട് പങ്കുവെയ്ക്കുകയും ചെയ്തു. പരിഷ്കൃതമാനസനും സുറിയാനി സഭയുടെ സുഹൃത്തുമായിരുന്ന കേണൽ മൺറോ റമ്പാന്റെ ഇംഗിതത്തോട് അനുഭാവം പ്രദർശിപ്പിച്ചു.

അക്കാലത്ത് ലഭിച്ച വട്ടിപ്പണത്തിന്റെ പലിശ കണ്ടനാട് പടിയോലയിൽ നിർദ്ദേശിക്കപ്പെട്ട പഠിത്തവീടുകളുടെ നിർമ്മാണത്തിനുവേണ്ടി ഉപയോഗിക്കണമെന്ന റമ്പാന്മാരുടെ ഉപദേശം എട്ടാം മാർത്തോമ്മാ അവഗണിച്ചത് കരാർ ലംഘനമാകയാൽ റമ്പാന്മാർ എട്ടാം മാർത്തോമ്മായ്ക്കെതിരെ സർക്കാരിൽ പരാതി ബോധിപ്പിച്ചു. എട്ടാം മാർത്തോമ്മാ റമ്പാന്മാർക്കെതിരെയും പരാതി സമർപ്പിച്ചു. രണ്ടു പരാതികളും കേണൽ മൺറോ പള്ളിക്കാരെ വിളിച്ച് അന്വേഷിച്ചു. ഒടുവിൽ റമ്പാന്മാർക്കനുകൂലമായ തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ കണ്ടനാട് പടിയോലയിലെ കരാർപ്രകാരം അധികാരത്തിൽ പ്രവേശിച്ച മെത്രാൻ കരാർ ലംഘനം മൂലം സ്ഥാനത്തിന് അയോഗ്യനെന്ന് സ്വയം തെളിയിച്ചു.

പുലിക്കോട്ടിൽ റമ്പാൻ സെമിനാരി നിർമ്മാണത്തിനായി സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ റാണിക്ക് സമർപ്പിച്ച അപേക്ഷ അനുകൂലമായി തീരുമാനിക്കപ്പെട്ടു. മൺറോയുടെ ശുപാർശപ്രകാരം കോട്ടയത്ത് മീനച്ചിലാറിന്റെ തീരത്ത് കരമൊഴിവായി ആവശ്യമായ സ്ഥലം നൽകി. പുലിക്കോട്ടിൽ റമ്പാനും പിൻഗാമികൾക്കും ഉടമസ്ഥത നൽകുന്ന രേഖപ്രകാരം റമ്പാൻ തയാറാക്കിയ പ്ലാൻ അനുസരിച്ച് കോട്ടയത്ത് സെമിനാരിയുടെ നിർമ്മാണം ആരംഭിച്ചു. വട്ടിപ്പണത്തിന്റെ മുടങ്ങിക്കിടന്ന നാലുവർഷത്തെ പലിശ മൺറോയുടെ ശുപാർശയനുസരിച്ച് പുലിക്കോട്ടിൽ റമ്പാന് ലഭിച്ചു. പള്ളികൾ ഇക്കാര്യത്തിൽ ഉദാരമായി സഹകരിച്ചതിന്റെ വിവരങ്ങൾ നിരണം പള്ളിയുടെയും കുറുപ്പംപടി പള്ളിയുടെയും ചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്. 1815-ൽ പണി മിക്കവാറും തീർന്നു. വൈദിക പരിശീലനത്തിന് ആദ്യ ബാച്ചിന് 1815-ൽ പ്രവേശനം നൽകി പഠനം ആരംഭിച്ചു. ഇടവഴിക്കൽ പീലിപ്പോസ് കത്തനാർ (ഇടവഴിക്കൽ ഇ. എം. ഫിലിപ്പിന്റെ പിതാമഹൻ), കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (1886-ൽ 94-ാം വയസ്സിൽ നിര്യാതനായി ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ ഇട്ടൂപ്പ് കത്തനാർ) എന്നിവർ ആദ്യ ബാച്ചിൽ വിദ്യാർത്ഥികളായിരുന്നു എന്ന് ഇടവഴിക്കൽ നാളാഗമത്തിൽ വായിച്ചിട്ടുണ്ട്. പുലിക്കോട്ടിൽ റമ്പാൻ ആദ്യ പ്രിൻസിപ്പലും അദ്ധ്യാപകനും ആയിരുന്നു. കേണൽ മൺറോ ആവശ്യപ്പെട്ടതനുസരിച്ച് മുമ്പ് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചതിന്റെ ശേഷം വേദഭാഗങ്ങളുടെ വിവർത്തനം അദ്ദേഹം അവിടെവച്ച് നിർവഹിച്ചതായി മിഷനറി രേഖകൾ സാക്ഷ്യം വഹിക്കുന്നു. മലങ്കരസഭയുടെ പല ഭാഗത്തുനിന്നും പുസ്തകങ്ങൾ ശേഖരിച്ച് സെമിനാരിയിൽ ഒരു ലൈബ്രറി അദ്ദേഹം സംവിധാനം ചെയ്തു. അതിന്റെ ഒരു കാറ്റ്ലോഗ് തയാറാക്കപ്പെട്ടിരുന്നതായി മൺറോയുടെ കത്തുകൾ വ്യക്തമാക്കുന്നുണ്ട്.

8. മെത്രാൻസ്ഥാനം (1815)

വട്ടിപ്പണത്തിന്റെ പലിശ സുറിയാനി സമുദായത്തിന്റെ മെത്രാന് നൽകുവാൻ വ്യവസ്ഥ ഉണ്ടായിരിക്കേ അത് പാലിക്കാതെ ഒരു റമ്പാന് നൽകിയതിൽ എട്ടാം മാർത്തോമ്മാ നൽകിയ പരാതി ബ്രിട്ടീഷ് സർക്കാർ സ്വീകരിച്ചു. സെമിനാരിപ്പണിക്ക് ചെലവാക്കിയ പലിശപ്പണം തിരിച്ചടയ്ക്കുകയോ റമ്പാൻ മെത്രാൻസ്ഥാനമേൽക്കുകയോ വേണം എന്ന അവസ്ഥ സംജാതമായി. മെത്രാൻസ്ഥാനമേൽക്കുവാൻ കേണൽ മൺറോ ഉൾപ്പെടെ അനേകർ നിർബന്ധിച്ച സാഹചര്യത്തിൽ, ലോകമോഹങ്ങൾ പതിറ്റാണ്ടുകൾക്കു മുമ്പേ വെടിഞ്ഞ് സന്യാസത്തിന്റെ ഭക്തിമാർഗ്ഗങ്ങളിൽ സ്വയം പ്രതിഷ്ഠിച്ചിരുന്ന വൃദ്ധനായ റമ്പാൻ മേൽപട്ടസ്ഥാനമേൽക്കുവാൻ തലകുനിച്ചു. പഴഞ്ഞി പള്ളിയിൽ വച്ച്, പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ തന്റെ ജൂണിയർ വൈദികൻ ആയി



രുന്ന തൊഴിയൂരിന്റെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന് മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റു. 1815 മാർച്ചിൽ (മീനം 9) ആയിരുന്നു ആ സംഭവം.

9. തിരുവെഴുത്തു വിളംബരം (1816)

1816 ജനുവരി 10-ന് എട്ടാം മാർത്തോമ്മാ നിര്യാതനായി. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായത് വിപ്ലവാത്മകമായ ഒരു നടപടി ആയിരുന്നു. 1653 മുതൽ ഒന്നര നൂറ്റാണ്ടായി പ്രാബല്യത്തിലിരുന്ന പകലോമറ്റം മെത്രാൻവാഴ്ച അതോടെ അസ്തമിച്ചു. എട്ടാം മാർത്തോമ്മാ തന്റെ ചിറ്റപ്പനെ ഒമ്പതാം മാർത്തോമ്മാ എന്ന പേരിൽ മെത്രാനാക്കി എങ്കിലും അതാരും ഗൗനിച്ചില്ല. എട്ടാം മാർത്തോമ്മാ കാലഗതി പ്രാപിച്ചതോടെ പുതിയ ഇടയൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ മലങ്കര മെത്രാപ്പോലീത്താ ആയി പ്രഖ്യാപിച്ചുകൊണ്ട് ആദ്യം തിരുവിതാംകൂർ റാണിയും തുടർന്ന് കൊച്ചി രാജാവും തിരുവെഴുത്ത് വിളംബരങ്ങൾ പ്രസിദ്ധീകരിച്ചു. എട്ടാം മാർത്തോമ്മായുടെ കൈവശം സഭ ഏൽപിച്ച മലങ്കരമെത്രാന്റെ സ്ഥാനചിഹ്നങ്ങൾ ഒമ്പതാം മാർത്തോമ്മാ എന്നു കൂടെ പേരുള്ള ഐപ്പ് മെത്രാനിൽ നിന്നു മാർ ദീവന്നാസ്യോസ് ഏറ്റുവാങ്ങി.

10. മലങ്കര മെത്രാന്റെ ആസ്ഥാനം

മലങ്കരസഭാചരിത്രത്തിൽ അക്കാലം വരെ സഭാതലവന്മാർക്ക് സ്ഥിരമായ ഒരു ആസ്ഥാനം ഉണ്ടായിരുന്നില്ല. ആദിമനൂറ്റാണ്ടുകളിൽ പാലൂർ ചാട്ടുകുളങ്ങര പള്ളിയും പിൽക്കാല നൂറ്റാണ്ടുകളിൽ അങ്കമാലി പള്ളിയും അർക്കദിയാക്കോന്മാരുടെ ആസ്ഥാനങ്ങൾ ആയിരുന്ന സഭയിൽ സ്ഥിരമായി മെത്രാന്മാർ അവിർഭവിച്ചതു മുതൽ അങ്കമാലി, നിരണം, കണ്ടനാട് എന്നീ ദേവാലയങ്ങൾ ആസ്ഥാനമായി സ്വീകരിക്കപ്പെട്ടിട്ടുണ്ട്. അന്നത് മെത്രാന്മാരുടെ ഇടവകയോ അവർക്ക് സ്വാധീനമുള്ള ഇടവകയോ ആയിരുന്നു ആസ്ഥാനമായി സ്വീകരിക്കപ്പെട്ട ദേവാലയങ്ങൾ. ആദ്യമായി ഒരു ആസ്ഥാനത്തെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾ സാക്ഷാൽക്കരിക്കാൻ ശ്രമിച്ചത് ആറാം മാർത്തോമ്മായാണ്. മലങ്കര മെത്രാന്മാരുടെ ആസ്ഥാനമാകുവാൻ എന്ന ചിന്തയിലാണ് അദ്ദേഹം പുത്തൻകാവിൽ ബൃഹത്തായ ദേവാലയം പണിയിച്ചത്. പഴയ-പുത്തൻ കൂറ്റുകാരെ തന്റെ ഭരണത്തിൽ സംയോജിപ്പിച്ച് പുത്തൻകാവ് പള്ളിയിലിരുന്ന് സഭാഭരണം നിർവഹിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ. എന്നാൽ ആ ഉദ്യമം വിജയിച്ചില്ല.

എന്നാൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായി നിശ്ചയിച്ചത് കോട്ടയം പഴയ സെമിനാരി ആയിരുന്നു. വൈദിക പരിശീലനകേന്ദ്രം എന്ന നിലയിൽ അന്ന് സഭയുടെ പൊതുവകയായിട്ടാണ് ആദ്യകാലം മുതലേ സെമിനാരി അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് ദേവലോകം അരമന കോട്ടയത്ത് സ്ഥാപിക്കുന്നതു വരെയും ഒന്നര നൂറ്റാണ്ടുകാലം മലങ്കര മെത്രാന്റെ ആസ്ഥാനം കോട്ടയം പഴയസെമിനാരി തന്നെയായിരുന്നു. ആ നിലയിലാണ് നവീകരണക്കാരും പിന്നീട് അന്ത്യോഖ്യൻ പക്ഷപാതികളും പഴയസെമിനാരിയെ ലക്ഷ്യമാക്കി വ്യവഹാരങ്ങളിലേക്ക് നീങ്ങിയത്.

11. ചാപ്പൽ നിർമ്മാണം (1816)

ശെമ്മാശന്മാരുടെ പരിശീലനകേന്ദ്രവും മലങ്കര മെത്രാന്റെ ആസ്ഥാനവുമായ പഴയസെമിനാരിയിൽ ഒരു ചാപ്പൽ അനിവാര്യമായിരുന്നു. വൃദ്ധ മെത്രാപ്പോലീത്താ ചാപ്പൽ നിർമ്മാണം ആരംഭിച്ചിരുന്നതായി 1817 മാർച്ച് 13-ന് കേണൽ മൺറോ എഴുതിയതായി മിഷനറിരേഖകളിൽ കാണുന്നുണ്ട്. മലങ്കരസഭ വിഭാഗീയതകൾ മറന്ന് അദ്ദേഹത്തെ സഹായിച്ചതിനാൽ കാര്യങ്ങൾ സുഗമമായി നീങ്ങി. കോട്ടയം പുന്നത്ര ജോർജ്ജ് കത്തനാരെ (പിന്നീട് ദീവന്നാസ്യോസ് മൂന്നാമൻ) ചരിത്രപുരുഷൻ തന്റെ സഹായിയായി ഇക്കാലത്ത് നിയോഗിച്ചിരുന്നു.

12. ഇംഗ്ലീഷ് വിദ്യാഭ്യാസകേന്ദ്രം

കോട്ടയം പഴയസെമിനാരി സുറിയാനി ശെമ്മാശന്മാരുടെ പരിശീലനകേന്ദ്രവും മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനവും മാത്രമായിരുന്നെങ്കിൽ കേരള നവോത്ഥാന ചരിത്രത്തിൽ ആ സംഭവത്തെ അവഗണിക്കാമായിരുന്നു. എന്നാൽ കേരള നവോത്ഥാനത്തെ യാഥാർത്ഥ്യമാക്കിയ മുഖ്യ ഘടകം ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്ന ചരിത്രവസ്തുതയുടെ മുമ്പിൽ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസ സൗകര്യം ക്രമീകരിച്ച വിദ്യാഭ്യാസകേന്ദ്രം എന്ന നിലയിൽ കോട്ടയം പഴയസെമിനാരിയുടെ സ്ഥാനം നവോത്ഥാന ചരിത്രത്തിൽ ഒന്നാമത്തേതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽപ്പോലും നവോത്ഥാനത്തിന്റെ അനിവാര്യഘടകമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം എന്ന് സാഹിത്യകാരന്മാർ ചർച്ച ചെയ്യുന്നതിന്റെ മികച്ച ഉദാഹരണം 'ഇന്ദുലേഖ'യിലുണ്ട്. ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിന്നും ജാതീയ അസമത്വത്തിൽ നിന്നും യാഥാസ്ഥിതിക പാരമ്പര്യങ്ങളിൽ നിന്നും മോചനത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയാണ് ഏക പോംവഴി എന്ന് ഇന്ദുലേഖ എന്ന കഥാപാത്രത്തിലൂടെ ഒ. ചന്തുമേനോൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ പൂമുഖത്തുപോലും ഇംഗ്ലീഷ് വിദ്യാഭ്യാസം നവോത്ഥാനത്തിന്റെ അനിവാര്യഘടകമായി ചർച്ച ചെയ്തിരിക്കേ അതിനും ദശാബ്ദങ്ങൾ മുമ്പ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ആദ്യമായി തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിൽ ആരംഭം സൃഷ്ടിച്ച പഴയസെമിനാരിക്ക് നവോത്ഥാനത്തിന്റെ ചരിത്രത്തിലുള്ള പ്രഥമസ്ഥാനം അനിഷേധ്യമാണ്. കോട്ടയം പഴയസെമിനാരിക്ക് സ്ഥലം അനുവദിക്കുമ്പോൾ തിരുവിതാംകൂർ റാണിയുടെയും കേണൽ മൺറോയുടെയും മനസ്സിൽ ഉണ്ടായിരുന്ന സ്വപ്നപദ്ധതിയായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം. ഫ്യൂഡൽ പാരമ്പര്യത്തിന്റെ പിടിയിലമർന്ന കേരളീയ സമുദായങ്ങൾ ഇംഗ്ലീഷ് ഭാഷയെ സ്വീകരിക്കുവാൻ വൈമനസ്യം കാണിച്ച പശ്ചാത്തലത്തിലാണ് സുറിയാനി സമുദായത്തിന്റെ സഹായം ഇക്കാര്യത്തിൽ മഹാറാണി തേടിയത്. വൈദികപരിശീലനത്തിനുള്ള സെമിനാരിയോടൊപ്പം ഇംഗ്ലീഷ് ഭാഷാ പരിശീലനവും കോട്ടയം കോളജിന്റെ ലക്ഷ്യമായിരുന്നു. സെമിനാരിയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർ ശെമ്മാശന്മാർക്ക് ബൈബിൾ അടിസ്ഥാനമാക്കിയുള്ള ദൈവശാസ്ത്രാഭ്യസനം നടത്തുന്നതോടൊപ്പം അവൈദികരായ യുവാക്കൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനവും നൽകി എന്നതും ചരിത്രപുരുഷന്റെ ഭാവനാവിസ്തൃതിയെ ഉദാഹരിക്കുന്നു; അദ്ദേഹത്തെ കേരളനവോത്ഥാനത്തിന്റെ പ്രഥമ പ്രവാചകനാക്കുന്നു.

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ വിതച്ച വിത്തുകൾ സമൃദ്ധിയായി പടർന്നു പന്തലിച്ചു ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരുടെ പിൽക്കാല തലമുറയുടെ കാലത്ത് നവോത്ഥാന നേതാക്കൾ ഇരുട്ടിന്റെ മറ കീറി പുറത്തുവന്നു. നവോത്ഥാന തലമുറയെ ആവിർഭവിപ്പിച്ചതിൽ മലയാള ബൈബിളിനും ഇംഗ്ലീഷ് ഭാഷയ്ക്കും തദ്വാരാ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനും നവോത്ഥാന ചരിത്രത്തിൽ നായകസ്ഥാനം അനിഷേധ്യമാണ്.

13. മലങ്കരസഭയുടെ സെക്രട്ടറിയേറ്റിന്റെ ആവിർഭാവം

മേല്പട്ടക്കാരുടെ സാന്നിധ്യം സഭയിൽ അതിന് മുമ്പും ഉണ്ടായിരുന്നുവെങ്കിലും അവർക്ക് ഇടവകകളുടെ മേൽ കാര്യമായ നിയന്ത്രണമോ ഇടവകഭരണത്തിൽ പങ്കാളിത്തം പോലുമോ ഉണ്ടായിരുന്നതായി കാണുന്നില്ല. എന്നാൽ കോട്ടയം പഴയസെമിനാരി പ്രവർത്തനക്ഷമമായതോടെ കാര്യങ്ങൾക്ക് മാറ്റം വന്നു. കുറുപ്പംപടി പള്ളിയുടെ ചരിത്രകാരൻ ആത്തുങ്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ആ മാറ്റത്തെ ഇപ്രകാരം വരച്ചു കാട്ടുന്നു:

"ഇദ്ദേഹത്തിന്റെ കാലത്ത് ഈ പള്ളിയുടെ തെരട്ട് കോട്ടയം സെമിനാരിയിൽ തിരുമുമ്പാകെ പള്ളിയോഗം ഹാജരാക്കി. ഈ കാലം മുതൽക്കാണ് മലങ്കര മെത്രാപ്പോലീത്തന്മാർക്ക് കോട്ടയത്ത് ആസ്ഥാനം ഉണ്ടായത്" (പുറം 118).

ആർത്താറ്റ് പടിയോലയിൽ നിന്ന് ആരംഭിച്ച് കണ്ടനാട് പടിയോലയിലൂടെ വളർന്ന് വികാസം പ്രാപിച്ച അദ്ദേഹത്തിന്റെ സഭാദർശനം കൂടുതൽ വികാസോന്മുഖമാകുന്നതിന്റെ തെളിവായി ഇതിനെ കാണാം. 1934-ൽ രൂപംകൊണ്ട മലങ്കര സഭാഭരണഘടനയുടെ നിയാമക ഘടകങ്ങളിൽ ഒന്നായ എപ്പിസ്കോപ്പൽ സൂപ്പർവിഷൻ സഭയിൽ ആദ്യമായി പ്രാവർത്തികമാക്കിയത് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ഒന്നാമൻ മലങ്കര മെത്രാപ്പോലീത്തായുടെ ക്രാന്തദർശിത്വമാണ് എന്ന് കുറുപ്പംപടി ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു. ഒരു സഭാസെക്രട്ടറിയേറ്റിന്റെ രൂപഭാവങ്ങൾ സെമിനാരി സ്ഥാപനത്തോടെ സഭയിൽ ആവിർഭവിച്ചു. പഴയസെമിനാരിയെ മലങ്കരസഭയുടെ ഹൃദയവും മസ്തിഷ്ക്കവും എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുള്ളത് ഇവിടെ ഓർക്കാവുന്നതാണ്.

14. അന്ത്യ നാളുകൾ (1816)

റിലേ ഓട്ടത്തിലെ അവസാനത്തെ ഓട്ടക്കാരനെപ്പോലെ സർവ്വശക്തിയും ഉപയോഗിച്ച് മലങ്കരസഭയെ പുതിയ നൂറ്റാണ്ടിലേക്ക് സംക്രമിപ്പിക്കുവാൻ അത്യധ്വാനം ചെയ്യുന്ന ഇടയശ്രേഷ്ഠനെയാണ് അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ നാം കണ്ടെത്തുന്നത്. അദ്ദേഹത്തിന്റെ കാര്യവിചാരകത്വബോധവും അനുപമമായ നിസ്വാർത്ഥതയും നിഷ്കളങ്കതയും ഇടയത്വബോധവും ജ്വലിച്ചു നിൽക്കുന്ന ഒരു സംഭവം സഭാചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് വരച്ചു കാട്ടിയിട്ടുള്ളത് ഇപ്രകാരമാണ്:

"അദ്ദേഹത്തിന്റെ നിസ്വാർത്ഥതയും പക്ഷപാതരാഹിത്യവും അനുപമവും അതിശയിക്കതക്കതുമായിരുന്നു. സെമിനാരിയുടെ ചുമതല വളരെ ക്ലേശഭൂയിഷ്ടമായ സാഹചര്യത്തിൽ നിർവ്വഹിച്ചു പോരുമ്പോൾ ഉണ്ടായ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്. ഒരിക്കൽ സ്വന്തം കുടുംബത്തിൽ നിന്ന് വളരെ അടുത്ത ബന്ധമുള്ള ചില ബന്ധുക്കൾ സെമിനാരിയിൽ എത്തി. തങ്ങളുടെ സാമ്പത്തികപ്രയാസങ്ങളും മറ്റും അദ്ദേഹത്തെ അറിയിച്ചു. അവർക്ക് ഒരു നേരത്തെ ആഹാരം കൊടുത്തു. എത്രയുംവേഗം അവർ തിരിച്ചുപോകുമെന്ന് പ്രതീക്ഷിച്ചു. എങ്കിലും പോകാത്തതിനാൽ വീണ്ടും ഞെരുങ്ങി ഒരു നേരത്തെ ആഹാരം കൂടി കൊടുത്തു. പിന്നെയും താമസിക്കുന്നത് കണ്ടപ്പോൾ അത് അത്ര പന്തിയല്ല എന്ന് കണ്ട് സങ്കോചം കൂടാതെ അദ്ദേഹം അവരോട് പറഞ്ഞു, 'നിങ്ങൾ കുടുംബത്തേക്ക് പോകണം. ബുദ്ധിമുട്ടുകൾ മുകളിൽ നിന്ന് തീർക്കണം. ഈ സ്വത്ത് നിങ്ങൾക്കുള്ളതല്ല. തീയ്യാണിത്' എന്ന് പറഞ്ഞു യാത്രച്ചിലവിലേക്ക് നാലഞ്ച് ചക്രം കൊടുത്തുവിട്ടു" (*മലങ്കര നസ്രാണികൾ,* വാല്യം 3, പുറം 115, 116).

അസ്ഥിമാത്രശേഷനായ ആ വൃദ്ധപിതാവ് 1816 നവംബർ 24-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് അന്ത്യശ്വാസം വലിച്ചു. 25-ാം തീയതി ചാപ്പലിൽ കബറടക്കപ്പെട്ടു. മരണപത്രത്തിൽ എഴുതിവച്ചതനുസരിച്ച് ഒരു ചെല്ലവും കോളാമ്പിയും പേനാകത്തിയും ഒരു മുരിയ്ക്കിൻ പെട്ടിയും സ്വദേശത്തേക്ക് കൊടുത്തയച്ചു. കുടുംബക്കാർ ആ നിക്ഷേപം കുന്നംകുളം പഴയപള്ളിയിൽ സമർപ്പിച്ചു. അവിടെ ഒരു സ്മാരക കബറിടമുണ്ടാക്കി അതിൽ അവ നിക്ഷേപിച്ചു. അന്നു മുതൽ എല്ലാ കൊല്ലവും ആ വിശുദ്ധന്റെ ഓർമ്മ നവംബർ 25-നു (വൃശ്ചികം 12) ദേശീയ ഉത്സവമായി കുന്നംകുളത്ത് ആഘോഷിക്കപ്പെടുന്നു. യൂയാക്കിം മാർ കൂറിലോസ് പിൽക്കാലത്ത് ആ സ്മാരക കബറിടം പൊളിച്ചു കളഞ്ഞപ്പോൾ നാട്ടുകാർ ഭക്തിപൂർവ്വം കബറിലെ കുരിശ് എടുത്ത് മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ കിഴക്കേപുത്തൻപള്ളി സ്ഥാപിച്ച് അവിടെ സ്മാരക കബറിടം പുനർനിർമ്മിച്ചു. വൃശ്ചികം 12-ന് (നവംബർ 25-ന്) ആ പള്ളിയിൽ പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാളായി ആഘോഷിക്കുന്നുണ്ട്.

ഒരു പുതിയ സൂര്യോദയത്തിലേക്കും പ്രഭാതത്തിലേക്കും മലങ്കരസഭയെയും കേരള സാംസ്ക്കാരിക ചരിത്രത്തെയും ഭാവനാപൂർവ്വം സംക്രമിപ്പിക്കുവാൻ ജീവിതകാലം മുഴുവൻ അത്യധ്വാനം ചെയ്ത ആ പരിശുദ്ധ സഭാജ്യോതിസ്സിനോട് പിൽക്കാല തലമുറകൾ നീതി കാണിച്ചുവോ?

ജന്മംകൊണ്ട് കുന്നംകുളത്തെയും കർമ്മംകൊണ്ട് മലങ്കരസഭയേയും കേരളചരിത്രത്തെയും പവിത്രമാക്കിയ ആ സൂര്യതേജസ്സ് നമുക്ക് കാവലും കോട്ടയും ആയിത്തീരാൻ നമുക്കു പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ പ്രാർത്ഥന നമ്മോടു കൂടെ ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

❑

സഭാപിതാക്കന്മാർ

പാശ്ചാത്യ പ്രബുദ്ധതയുടെ യുക്തിയും അയുക്തിയും

ഫാ. ഡോ. കെ. എം. ജോർജ്

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (1922–1996) എല്ലാത്തരത്തിലും ബഹുമുഖ പ്രതിഭാശാലിയായിരുന്നു. ലോകം ആദരിക്കുന്ന ഒരു ക്രൈസ്തവ ദൈവശാസ്ത്ര പണ്ഡിതനായിരിക്കേ പാശ്ചാത്യ ചിന്താസരണികളിലും ഭാരതീയ ദർശനങ്ങളിലും മാർക്സിസ്റ്റ് ചിന്തയിലും അസാമാന്യമായ അവഗാഹം നേടി. ഇന്ത്യൻ ഫിലോസഫിക്കൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി. ചെറുപ്പത്തിൽ എത്യോപ്യയിൽ അദ്ധ്യാപകനായി പോയ പോൾ വറുഗീസ് (ബിഷപ്പ് ആകുന്നതിനു മുമ്പുള്ള പേര്) അംഹാരിക് ഭാഷയിൽ പ്രാവീണ്യം നേടുകയും എത്യോപ്യൻ ചക്രവർത്തിയുടെ പ്രശംസയ്ക്ക് പാത്രമാവുകയും ചെയ്തു. പിൽക്കാലത്ത് എത്യോപ്യൻ ചക്രവർത്തിയുടെ മുഖ്യ ഉപദേഷ്ടാവും സെക്രട്ടറിയും ആയി കുറെ വർഷങ്ങൾ പ്രവർത്തിച്ചു. 1978-ൽ മസ്സച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എം.ഐ.ടി.) യിൽ നടന്ന ശാസ്ത്രജ്ഞരുടെയും മതപണ്ഡിതന്മാരുടെയും പ്രശസ്തമായ സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു. ന്യൂക്ലിയർ ആയുധ വിരുദ്ധ സംരംഭങ്ങളിലും ലോകസമാധാന പ്രസ്ഥാനങ്ങളിലും നേതൃത്വം കൊടുത്തു. ഷിക്കാഗോയിലെ പാർലമെന്റ് ഓഫ് റിലീജിയൻസിന്റെ 100-ാം വാർഷികത്തിൽ മുഖ്യ പ്രഭാഷകനായി. ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനാധിപനായും കോട്ടയം ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പലായും പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലും മറ്റും മനുഷ്യന്റെ ഭാവിയെക്കുറിച്ചും ഇന്ത്യയുടെ രാഷ്ട്രത്തനിമയെക്കുറിച്ചും നടത്തിയ പ്രഭാഷണങ്ങൾ ഉന്നതതല ചർച്ചകൾക്ക് വഴിയൊരുക്കി.

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ചിന്തയിലെ ഒരു പ്രമുഖ വിഷയമായിരുന്നു പ്രബുദ്ധത (Enlightenment). ജ്ഞാനോദയം എന്നും ബോധോദയം എന്നും ഈ വാക്കിന് തർജ്ജമ കൊടുക്കാറുണ്ട്. രണ്ടു പ്രധാന ഗ്രന്ഥങ്ങളാണ് ഈ വിഷയം ചർച്ച ചെയ്യാൻ അദ്ദേഹം എഴുതിയത്.

1. *Enlightenment East and West: Pointers in the Quest for India's Identity*, Indian Institute of Advanced Study, Shimla, 1989.

2. *A Light too Bright: The Enlightenment Today*, State University of New York Press, 1992.

രണ്ടു വ്യത്യസ്ത അർത്ഥങ്ങളിലാണ് പ്രബുദ്ധത എന്ന പദം അദ്ദേഹം ഉപയോഗിച്ചിരുന്നത്. ഒന്ന്: പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിലാരംഭിച്ച് ആധുനിക പാശ്ചാത്യ സംസ്കാരത്തിന്റെ അടിസ്ഥാന ശിലകളിലൊന്നായി മാറിയ സാംസ്കാരിക-ബൗദ്ധിക പ്രസ്ഥാനം. ഫ്രഞ്ചുകാർ അതിനെ 'പ്രകാശങ്ങളുടെ നൂറ്റാണ്ട്' എന്നും ജർമ്മൻകാർ 'പ്രകാശനം' എന്നും മറ്റും വിളിച്ചു. അന്ന് യൂറോപ്പിലെ ജനങ്ങൾ പൊതുവെ സ്വീകരിച്ചിരുന്ന മതപരവും സാമൂഹികവുമായ മിക്ക വിശ്വാസങ്ങളും യുക്തിയുടെ പ്രകാശത്തിൽ അർത്ഥരഹിതമായ അന്ധവിശ്വാസങ്ങളാണെന്ന് പുതിയ പ്രസ്ഥാനക്കാർ പറഞ്ഞു. അവയെല്ലാം ഉപേക്ഷിച്ച്, യുക്തിപൂർവ്വം തെളിയിക്കാവുന്നതിനെ സ്വീകരിക്കണം. ഈ പ്രക്രിയയാണ് പ്രബുദ്ധത അഥവാ Enlightenment എന്ന് പടിഞ്ഞാറ് അറിയപ്പെട്ട പ്രസ്ഥാനം. മതത്തിന്റെയും സമൂഹത്തിന്റെയും പരമ്പരാഗതമായ അധികാരത്തെ നിരാകരിച്ച്, വിമർശനാത്മകമായ യുക്തിബോധത്തെ (Critical rationality) ഉയർത്തുകയെന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ മുഖമുദ്ര.

രണ്ടാമത്തെ അർത്ഥം നമ്മുടെ ഭാരതീയ പാരമ്പര്യത്തിൽനിന്ന് വരുന്ന ബുദ്ധസങ്കൽപ്പമാണ്. ബുദ്ധൻ എന്നത് ഒരു വ്യക്തിയുടെ പേരല്ല. നാം അറിയുന്ന ഏറ്റവും പ്രശസ്തനായ ബുദ്ധൻ സിദ്ധാർത്ഥനായിരുന്നു. ബുദ്ധിയിൽ അഥവാ ബോധത്തിൽ പ്രകാശനം സിദ്ധിച്ചവനാണ് ബുദ്ധൻ. ഒരു വ്യക്തിയുടെ പ്രജ്ഞയിൽ സംഭവിക്കുന്ന പ്രകാശനം പിന്നീട് ആ വ്യക്തിയിൽനിന്ന് മറ്റ് വ്യക്തികളിലേക്ക് വ്യാപിക്കുന്നു. അങ്ങനെ പ്രബുദ്ധതയുടെ ഒരു മനുഷ്യബോധത്തിൽ ഒതുങ്ങുന്ന ഒരു പ്രബുദ്ധതയല്ല ഭാരതീയ പാരമ്പര്യത്തിലേത്. പ്രജ്ഞയ്ക്ക് അതീതമായി പോവുന്നതാണ്. ചില ബൗദ്ധചിന്തകരുടെ അഭിപ്രായത്തിൽ പ്രജ്ഞയെത്തന്നെ ഇല്ലാതാക്കുന്നതാണ് നിർവാണം പ്രാപിക്കൽ.



ഓർമ്മ നവംബർ 24-ന് പഴയസെമിനാരിയിൽ

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ അന്വേഷണം മുകളിൽപ്പറഞ്ഞ രണ്ടു തരം പ്രബുദ്ധതകളെയും തമ്മിൽ അനുരഞ്ജിപ്പിക്കാൻ കഴിയുമോ എന്നതാണ്. പാശ്ചാത്യമായ ആധുനികതയുടെ മുഖമുദ്രയായ വിമർശനോന്മുഖമായ യുക്തിബോധവും (Critical rationality) ഭാരതീയ സംസ്കൃതിയിലെ അതീന്ദ്രിയമായ പ്രബുദ്ധതയും (religious enlightenment) തമ്മിൽ എങ്ങനെ സമരസപ്പെടുത്താം എന്നതാണ് ചോദ്യം.

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ആരംഭിച്ച പ്രബുദ്ധതയുടെ അടിസ്ഥാന ധാരണകളിൽ ചിലത് താഴെപ്പറയുന്നവയാണ്:

1. വിമർശക യുക്തിയുടെ (Critical rationality) കേവലാധികാരം.

2. പാരമ്പര്യത്തിന്റെ നിഷേധം.

3. പ്രതീകവും അനുഷ്ഠാനവും മാറ്റി തൽസ്ഥാനത്ത് സിദ്ധാന്തവും വാക്കുകളും പ്രതിഷ്ഠിച്ചത്.

4. സമൂഹത്തേക്കാൾ വ്യക്തിക്കു ലഭിച്ച പ്രാധാന്യം.

5. യാഥാർത്ഥ്യത്തിന്റെ ആഴമായ രഹസ്യങ്ങളെ, പിന്നീട് കൂടുതൽ വിവരങ്ങൾ ലഭിച്ചാൽ പരിഹരിക്കാവുന്ന വെറും പ്രശ്നവും പ്രഹേളികയുമായി മാറ്റിയത്.

ആധുനികതയുടെ കൂടെപ്പിറപ്പുകൾ

ആധുനികത (Modernity) എന്ന് നാം പറയുന്ന പ്രതിഭാസത്തിന്റെ തുട



ക്കവും അടിസ്ഥാനവും നാം കാണുന്നത് പ്രബുദ്ധതയിലാണ്. ഇന്ന് നാം വളരെ സ്വാഭാവികമായി കരുതുന്ന ആധുനികതയുടെ കേന്ദ്രാശയങ്ങളാണല്ലോ മനുഷ്യാവകാശം, സ്വാതന്ത്ര്യം, സമത്വം തുടങ്ങിയവ.

പാശ്ചാത്യ പ്രബുദ്ധതയുടെ സന്താനങ്ങൾ ആണ് ആധുനിക ശാസ്ത്ര-സാങ്കേതിക വിജ്ഞാനവും അതിന്റെ അതുല്യ ഉപകരണമായ വിമർശകയുക്തിയും നമ്മുടെ ജനായത്ത വ്യവസ്ഥയുടെ സ്ഥാപനങ്ങളും (Democratic institutions).

മാർക്സിസ്റ്റ് സോഷ്യലിസവും ലിബറലിസവും പാശ്ചാത്യ പ്രബുദ്ധതാ പ്രസ്ഥാനത്തിൽ നിന്ന് ഉരുത്തിരിഞ്ഞവയാണ്. ഇന്ത്യയിൽ ഇവ രണ്ടിന്റെയും സമ്മർദ്ദമുണ്ടായി. ഇന്ത്യയുടെ പാരമ്പര്യത്തിൽ ജനിച്ച്, പാശ്ചാത്യ പ്രബുദ്ധതയിൽ പുനർജനിച്ച്, ഭാരതത്തിന്റെ നേതാവായി മാറിയ ജവഹർലാൽ നെഹ്റുവിനു മുമ്പിൽ ഈ രണ്ട് വഴികളും ഉണ്ടായിരുന്നു. രണ്ടിനോടും ആകർഷണമുണ്ടായിരുന്ന നെഹ്റു രണ്ടും തമ്മിൽ സംയോജിപ്പിക്കാനാണ് ശ്രമിച്ചത്. അങ്ങനെയാണ് നമ്മുടെ മിശ്രിത സമ്പദ്‌വ്യവസ്ഥയും സോഷ്യൽ-ഡമോക്രാറ്റിക് ചിന്തയും മറ്റും ഉരുത്തിരിഞ്ഞത്. ഭാരതീയ സംസ്കാര പൈതൃകവും പാശ്ചാത്യ പ്രബുദ്ധതയും തമ്മിലുള്ള സംവാദവും ഉരസലുകളും നമ്മുടെ രാഷ്ട്രത്തിന്റെ സ്വത്വരൂപീകരണ പ്രക്രിയയിൽ ഇപ്പോഴും അടിയൊഴുക്കായി നിൽക്കുന്നുണ്ട്. ഗാന്ധിജിയും ടാഗോറും പാശ്ചാത്യ പ്രബുദ്ധതയുടെ വേലിയേറ്റത്തിനെതിരെ നമ്മുടെ പരമ്പരാഗതമായ ആദ്ധ്യാത്മിക സംസ്കൃതിയെ ഊന്നിപ്പറയുന്നുണ്ടെങ്കിലും ഇന്ത്യയിലെ ഭരണച്ചുമതല കിട്ടിയ വരേണ്യവർഗ്ഗം നെഹ്റുവിന്റെ പാശ്ചാത്യ പ്രബുദ്ധതാപക്ഷത്തോടാണ് ആഭിമുഖ്യവും വിശ്വസ്തതയും പുലർത്തിയത്.

എന്താണ് പ്രബുദ്ധത?

1784-ൽ ആധുനിക യൂറോപ്യൻ ദാർശനികതയുടെ പിതാവായ ജർമ്മൻ ചിന്തകൻ ഇമ്മാനുവേൽ കാന്റ് എഴുതി: “മനുഷ്യൻ സ്വയം അടിച്ചേൽപ്പിച്ച അപക്വത (immaturity) യിൽ നിന്ന് മോചനം പ്രാപിക്കുന്നതാണ് പ്രബുദ്ധത. അപരനിൽ നിന്ന് നിർദ്ദേശം കിട്ടാതെ സ്വന്തം ബുദ്ധിയെ ഉപയോഗിക്കാനുള്ള ഇച്ഛാശക്തി ഇല്ലാത്തതാണ് അപക്വത. യുക്തിബോധം ദുർബലമാകുന്നുണ്ടെങ്കിൽ അതിനു കാരണം അറിവില്ലായ്മയല്ല. അപരനിൽ നിന്ന് മാർഗ്ഗനിർദ്ദേശം കിട്ടാതെ സ്വന്തം കാര്യം തീരുമാനിക്കാനുള്ള നിശ്ചയദാർഢ്യവും ധൈര്യവും ഇല്ലാത്തതാണ്. ചിന്തിക്കാൻ ഒരുമ്പെടുക. ധൈര്യപൂർവ്വം ചിന്തിക്കുക. ഉണർന്നെഴുന്നേൽക്കുക. നിങ്ങളുടെ സ്വന്തം ധാരണയെ സേവിക്കുക. ഇതാണ് പ്രബുദ്ധതയുടെ മുദ്രാവാക്യം.”

മനുഷ്യവ്യക്തിക്ക് പ്രായപൂർത്തിയായി. അവന്റെ സ്വന്തം ബുദ്ധിയുടെ മേൽ അടിച്ചേൽപിക്കപ്പെടുന്ന എല്ലാ അധികാര വ്യവസ്ഥകളെയും അവൻ ചോദ്യം ചെയ്യണം. മദ്ധ്യകാല യൂറോപ്പിൽ നിലവിലിരുന്ന ക്രിസ്തീയ സഭയുടെ അധികാരശ്രേണി, പുരോഹിതന്മാരുടെ അധികാരം, വേദശാസ്ത്രത്തിന്റെ അധികാരം, ആത്മീയാചാര്യന്മാരുടെ അധികാരം, ജനസമൂഹത്തിൽ നിലവിലിരുന്ന പലതരം വിശ്വാസങ്ങളുടെയും സാമൂഹിക ചട്ടങ്ങളുടെയും അധികാരം – ഇങ്ങനെ മനുഷ്യവ്യക്തിയുടെ സ്വതന്ത്രമായ ചിന്തയെ കൂച്ചുവിലങ്ങിട്ടിരുന്ന എല്ലാത്തരം അധികാരങ്ങളെയും നിഷേധിക്കുന്നതാണ് പ്രബുദ്ധതയുടെ തുടക്കം. ആധുനികത എന്നു നാം വിളിക്കുന്ന മാനസികവും ചരിത്രപരവുമായ അവസ്ഥ ഈ പ്രബുദ്ധതയിൽനിന്ന് ഉണ്ടായതാണ്. ആധുനികതയുടെ മുഖമുദ്ര പരമ്പരാഗതമായ അധികാരത്തെയും സമ്പ്രദായങ്ങളെയും നിരസിക്കുക എന്നതാണ്. യുക്തിബോധം (Reason) ആണ് സകലത്തിന്റെയും അളവുകോൽ. ആ യുക്തി കൊണ്ടാണ് പാരമ്പര്യങ്ങളെയും അന്ധമായ വിശ്വാസാചാരങ്ങളെയും മതപൗരോഹിത്യത്തിന്റെ അധികാരഘടനയേയും ചോദ്യം ചെയ്യേണ്ടത്.

ഒരുദാഹരണമെടുക്കാം. ആധുനിക പാശ്ചാത്യ ശാസ്ത്രം പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ വികസിച്ചു തുടങ്ങിയതിന്റെ കാരണം ഈ ചോദ്യം ചെയ്യലാണ്. ആചാര്യന്മാർ പഠിപ്പിച്ചിരുന്നതിനെ പരീക്ഷണവും നിരീക്ഷണവും നടത്തി തെളിയിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. ഗലീലിയോയുടെ കാലത്ത് സൂര്യൻ ഭൂമിയെ ചുറ്റുന്നു എന്നതാണ് ശാസ്ത്ര സത്യമായി കത്തോലിക്കാസഭ പഠിപ്പിച്ചത്. സഭയുടെ പുരോഹിതന്മാരേക്കാൾ ഇക്കാര്യത്തിൽ പഠിപ്പിക്കാനുള്ള അധികാരം മറ്റാർക്കുമില്ലായിരുന്നു. അതുകൊണ്ട് ആർക്കും ചോദ്യം ചെയ്യാനാവാത്ത വിശ്വാസപ്രമാണമായിരുന്നു അത്. കോപ്പർനിക്കസും ഗലീലിയോയും മറ്റും യുക്തിയും പരീക്ഷണനിരീക്ഷണങ്ങളുമുപയോഗിച്ച് ആ അധികാരത്തെ നിരാകരിച്ചു. ആധുനിക ശാസ്ത്രത്തിൽ ഇത് നിരന്തരം സംഭവിച്ചു. ഇന്ത്യയിലും മദ്ധ്യകാല യൂറോപ്പിലും ആചാര്യമതത്തെ നിഷേധിക്കുന്ന രീതിയെ മതങ്ങൾ ഒരിക്കലും പ്രോത്സാഹിപ്പിച്ചിട്ടില്ല. വേദത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, അല്ലെങ്കിൽ ഗുരു ഇങ്ങനെ കൽപിച്ചിരിക്കുന്നു എന്നു പറഞ്ഞാൽ എല്ലാ ചോദ്യങ്ങളും അവിടെ അവസാനിക്കുമായിരുന്നു.

ശാസ്ത്രീയ രീതിയുടെ അടിത്തറയായിത്തീർന്ന ‘ക്രിറ്റിക്കൽ റാഷണാലിറ്റി’ യുക്തിബോധത്തിന്റെ ഏറ്റവും വികസിത രൂപമാണ്. യുക്തി അതിനെത്തന്നെ വിമർശിക്കുന്നതാണ് ക്രിറ്റിക്കൽ റാഷണാലിറ്റി. നിരന്തരം സ്വയം വിമർശനം നടത്തിയും യുക്തി കണ്ടെത്തുന്ന സത്യങ്ങളെ വീണ്ടും വിമർശനവിധേയമാക്കിയും അയുക്തികമായ യാതൊന്നും നമ്മുടെ യുക്തിവിചാരത്തിൽ കടന്നുകൂടിയിട്ടില്ല എന്ന് ഉറപ്പുവരുത്തിയുമാണ് ശാസ്ത്രീയചിന്ത പുരോഗമിക്കേണ്ടത്. യുക്തിയുടെ അയുക്തി (Reason’s unreason) എന്ന ശീർഷകത്തിൽ പാശ്ചാത്യ പ്രബുദ്ധതാ പ്രസ്ഥാനത്തിന്റെ പത്ത് മൗലിക ധാരണകളെ മാർ ഗ്രീഗോറിയോസ് എടുത്ത് പറഞ്ഞ് ഗൗരവമായ വിമർശനത്തിനു വിധേയമാക്കുന്നുണ്ട്. ആ വിമർശനങ്ങളെ വിശദമായി പരിശോധിക്കുന്നില്ല. അവ ഇവിടെ സൂചിപ്പിക്ക മാത്രം ചെയ്യുന്നു.

1. യഥാതഥ ചിന്ത (Naive realism). അറിയുന്ന ഞാനും (subject) അറിയപ്പെടുന്ന വസ്തു (object) വും ഉണ്ട്. എനിക്ക് എല്ലാറ്റിനെയും അവ ആയിരിക്കുന്നതുപോലെ അറിയാം. ഇങ്ങനെ അറിയാൻ കഴിയാത്തതൊന്നും സത്യമല്ല.

2. സത്യമെന്നത് ഒരു concept ആണ്. വസ്തുതയുടെ പ്രസ്താവനയാണത്. അങ്ങനെ വ്യക്തമായും യുക്തിപൂർവ്വവും പ്രസ്താവിക്കുവാൻ കഴിയാത്തതൊന്നും സത്യമല്ല.

3. ഭാഷ സത്യത്തിന്റെ വാഹനമാണ്. യുക്തിപൂർവ്വമായ മനുഷ്യഭാഷ എല്ലാ സംസ്കാരങ്ങളിലും പ്രധാനമാണെങ്കിലും പാശ്ചാത്യ പ്രബുദ്ധതയിൽ അതിന് അതിരു കവിഞ്ഞ പ്രാധാന്യം ലഭിച്ചു.

4. വിജ്ഞാനശാസ്ത്രം (Epistemology) അറിവിന്റെ സാധുത ഉറപ്പുനൽകുന്ന അറിവാണ്. അറിയുന്ന പ്രക്രിയയെക്കുറിച്ചുള്ള വിമർശനാത്മകമായ അന്വേഷണമാണത്. ഇന്ത്യയിൽ പ്രമാണ വിചാരം എന്നു നാം പറയുന്നു.

5. ബോധപൂർവ്വമായ യുക്തി (Conscious reason) അറിവിന്റെ ഏറ്റം വിശിഷ്ടമായ ഉപകരണമാണ്.

6. എന്തിന്റെയെങ്കിലും കാരണം അറിഞ്ഞാൽ അതിനെ വിശദീകരിക്കാനാവും. ആ അറിവ് ഉപയോഗിച്ച് സാങ്കേതികവിദ്യ സൃഷ്ടിക്കാം. വെള്ളം തിളയ്ക്കുമ്പോൾ നീരാവി ഉണ്ടാകുമെന്നും ആ നീരാവിയ്ക്ക് അതിശക്തമായ

സമ്മർദ്ദം പ്രയോഗിക്കാൻ കഴിയുമെന്നുമുള്ള അറിവാണ് ആവിയന്ത്രത്തിന്റെ കണ്ടുപിടിത്തം സാദ്ധ്യമാക്കിയത്.

7. കൃത്യമായി അളക്കാൻ കഴിയുന്ന ശാസ്ത്രത്തിന് കൃത്യമായ അറിവു നൽകാൻ കഴിയും (measurement - based science and precise knowledge).

8. പ്രപഞ്ചം സ്വയംഭൂവാണ്. അത് അതിൽത്തന്നെ നിലനിൽക്കുന്നതും അതിൽത്തന്നെ നമുക്കറിയാവുന്നതുമാണ്.

9. സ്ഥലവും കാലവും സ്വതന്ത്രമായി നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങളാണ്. നമ്മുടെ ബോധം അവയെ അറിഞ്ഞാലും ഇല്ലെങ്കിലും അവ നിലനിൽക്കുന്നു.

10. മാറ്റവും പരിണാമവും പുരോഗതിയുടെ അടയാളമാണ്. രേഖീയമായ പുരോഗതിയാണ് മനുഷ്യന്റെ നേട്ടങ്ങളും സംസ്കാരവും.

യുക്തിയിൽ അധിഷ്ഠിതമെന്ന് അവകാശപ്പെടുന്ന പ്രബുദ്ധതാപ്രസ്ഥാനത്തിന്റെ യുക്തിരഹിതമായ ചില മുൻവിധികളാണ് മാർ ഗ്രീഗോറിയോസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ ശാസ്ത്രീയജ്ഞാന സമ്പാദനരീതിയെ വിശകലനം ചെയ്യുമ്പോൾ യുക്തിരാഹിത്യത്തിന്റെ വിടവുകൾ പലതും കാണാനാവും.

ഭാരതീയ പ്രബുദ്ധത

ഇംഗ്ലീഷിൽ Prejudice എന്ന വാക്കിന്റെ ആക്ഷരികമായ അർത്ഥം മുൻവിധി എന്നാണ്. ശാസ്ത്രത്തിന് മുൻവിധികളൊന്നുമില്ല എന്ന അവകാശവാദം ഇന്ന് ശാസ്ത്രം തന്നെ തിരുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്കാരവും വിശ്വാസങ്ങളും സാമൂഹ്യ പരിതോവസ്ഥയുമെല്ലാം ശാസ്ത്രഗവേഷകരുടെ അന്വേഷണമാർഗ്ഗത്തേയും നിഗമനങ്ങളേയും സ്വാധീനിക്കുന്നു എന്നു വ്യക്തമാണിന്ന്.

പ്രബുദ്ധതാ പ്രസ്ഥാനം 'മുൻവിധിക്ക് എതിരായ മുൻവിധി' ആയിരുന്നു എന്ന് പുതിയ വ്യാഖ്യാന ശാസ്ത്രത്തിന്റെ പ്രണേതാക്കളിലൊരാളായ ഹാൻസ്ഗെയോർഗ് ഗദാമർ എന്ന ജർമ്മൻ വിമർശകൻ ഒരിക്കൽ പറഞ്ഞു. നമ്മുടെ പാരമ്പര്യവും മുൻധാരണകളും നമ്മുടെ വ്യാഖ്യാനത്തിന്റെ ഗതിയെ സ്വാധീനിക്കുന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണമെന്ന് ഗദാമർ പറയുന്നു. ഒട്ടും ആത്മനിഷ്ഠത കലരാത്ത ശുദ്ധമായ വസ്തുനിഷ്ഠത കൈവരിക്കാൻ ശാസ്ത്രത്തിന് കഴിയുമോ എന്നത് ഒരു അന്വേഷണ പ്രക്രിയയാണ്. അല്ലാതെ നാം എത്തിച്ചേരുന്ന കൃത്യമായ ലക്ഷ്യസ്ഥാനമല്ല. തെറ്റാവരമുള്ള ബൗദ്ധിക പ്രമാണവുമല്ല.

പാശ്ചാത്യ പ്രബുദ്ധതയെക്കുറിച്ച് മാർ ഗ്രീഗോറിയോസിന് ഖണ്ഡന വിമർശനം മാത്രമല്ല, അഭിനന്ദനവുമുണ്ട്. ഉദാഹരണമായി, ആ പ്രസ്ഥാനം മനുഷ്യന്റെ താൻപോരിമയും ഉത്തരവാദിത്തബോധവും (autonomy and responsibility) ഊന്നിപ്പറഞ്ഞതിലാണ് അഭിനന്ദനം. മനുഷ്യ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയും നിഹനിക്കുന്ന യാതൊരു നിയമമോ അധികാരവ്യവസ്ഥയോ മതപ്രമാണമോ അംഗീകരിക്കാനാവില്ല. ഇതൊരു ഹ്യൂമനിസമാണ്. പക്ഷേ, ഇത് സാധാരണ അർത്ഥത്തിലുള്ള ഹ്യൂമനിസമല്ല. അതായത് ആദ്ധ്യാത്മികതയുടെയും അതീന്ദ്രിയതയുടെയുമൊക്കെ നല്ല അംശങ്ങളെപ്പോലും നിഷേധിക്കുന്ന സെക്കുലർ ഹ്യൂമനിസമല്ല. മറിച്ച് സമ്പൂർണ്ണ മനുഷ്യത്വത്തിലുള്ള ഊന്നലാണ് യഥാർത്ഥ ഹ്യൂമനിസം. ബുദ്ധൻ ഹ്യൂമനിസ്റ്റ് അല്ലായിരുന്നു. പക്ഷേ, ഇന്ത്യയിൽ അന്ന് ജീർണ്ണിച്ച മതാനുഷ്ഠാന പശ്ചാത്തലത്തിൽ ബുദ്ധൻ മനുഷ്യത്വത്തെ ഉയർത്തിപ്പിടിച്ചു.

ആധുനിക ശാസ്ത്രവും അതിന്റെ അറിവു സമ്പാദിക്കുന്ന രീതിയും നമ്മുടെ പല സാദ്ധ്യതകളിൽ ഒന്നു മാത്രമാണെന്ന് അംഗീകരിക്കുന്നതു മൂലം പാശ്ചാത്യ പ്രബുദ്ധതയെ മറികടക്കാൻ നമുക്കു കഴിയും. അതേസമയം ക്രിട്ടിക്കൽ റാഷണാലിറ്റി നമുക്കു ലഭിച്ചിരിക്കുന്ന വിലപ്പെട്ട ഒരു കഴിവാണെന്ന് സമ്മതിക്കുകയും വേണം.

ഏഷ്യയിൽ, പ്രത്യേകിച്ചും ഇന്ത്യയിൽ ബൗദ്ധ പാരമ്പര്യത്തിൽ നിന്ന് ആവിർഭവിച്ച പ്രബുദ്ധതയാണ്, പാശ്ചാത്യ പ്രബുദ്ധതയ്ക്ക് ഒരു തിരുത്തൽ ശക്തിയായി മാർ ഗ്രീഗോറിയോസ് അവതരിപ്പിക്കുന്നത്.

നമ്മുടെ ആദ്ധ്യാത്മിക സംസ്കൃതിയെ നിരാകരിക്കുന്ന സെക്കുലറിസവും സെക്കുലർ ഹ്യൂമനിസവും ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ സ്വത്വത്തെ രൂപപ്പെടുത്താൻ സഹായിക്കുകയില്ല. എന്നാൽ കർശന മായ യുക്തിബോധത്തെയും അതീന്ദ്രിയമായ ആദ്ധ്യാത്മികതയെയും സംയോജിപ്പിക്കാൻ ശ്രമിച്ച ബൗദ്ധ പാരമ്പര്യത്തിലെ പ്രബുദ്ധത നമുക്ക് ചേരുന്നതാണ്. കാരണം ഇന്ത്യയുടേത് ആദ്ധ്യാത്മിക പാരമ്പര്യത്തെ നിഷേധിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രമല്ല. മതങ്ങളുടെ സത്തയെ ഉൾക്കൊള്ളുന്നതും സർഗ്ഗാത്മകമായി അതിനെ ഉപയോഗിക്കാൻ നമ്മെ സഹായിക്കുന്നതുമായ ഒരു പ്രബുദ്ധതയാണ് ഭാരതീയതയുടെ തനിമ പ്രകടിപ്പിക്കുന്നത്.



മനുഷ്യവർഗ്ഗത്തിന് പുതിയൊരു പ്രബുദ്ധത ആവശ്യമാണ്. പുതിയൊരു മാനവ സംസ്കാരത്തിന് പാശ്ചാത്യവും പൗരസ്ത്യവുമായ പ്രബുദ്ധതകൾ തമ്മിലുള്ള സംവാദം ആവശ്യമാണ്. ലോഗോസും മിഥോസും തമ്മിലുള്ള സംവാദം പ്രതീകാത്മകമായി എടുക്കാം. ലോഗോസ് ഭാഷയേയും യുക്തിയേയും ബോധത്തേയും പ്രതിനിധീകരിക്കുന്നു. പാശ്ചാത്യ ശാസ്ത്രീയ സംസ്കാരത്തിന്റെ കേന്ദ്രം ഈ ലോഗോസ് (വാക്ക്, യുക്തി, ശാസ്ത്രം, സിദ്ധാന്തം) ആണ്. ദെറീദായുടെ logo-centrism ഓർക്കുക. മിഥോസ് (Mythos) പ്രതീകങ്ങളെയും അനുഷ്ഠാനങ്ങളെയും പ്രകൃതിയുടെ താളക്രമങ്ങളെയും പ്രതിനിധീകരിക്കുന്നു. ഇവയുടെ പാരസ്പര്യവും സംവാദവും മനുഷ്യസംസ്കാരത്തിന് ഒരു പുതിയ മുഖച്ഛായ നൽകും.

കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം

പ്രബുദ്ധതയെക്കുറിച്ചുള്ള മാർ ഗ്രീഗോറിയോസിന്റെ പ്രമുഖമായ ഒരു പുസ്തകത്തിന്റെ ശീർഷകം A Light too Bright എന്നാണെന്ന് സൂചിപ്പിച്ചല്ലോ. 'കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം' എന്നു വിശേഷിപ്പിക്കാനുള്ള കാരണം മാർ ഗ്രീഗോറിയോസ് വ്യക്തമാക്കുന്നുണ്ട്. ആധുനിക പാശ്ചാത്യ സെക്കുലർ പ്രബുദ്ധത പ്രസരിപ്പിക്കുന്ന ഉജ്ജ്വല ശോഭ പകൽവെളിച്ചം പോലെയാണ്. അത് വെളിപ്പെടുത്തുന്നതിൽകൂടുതൽ അത് മറയ്ക്കുന്നു. പകലും രാത്രിയും തമ്മിലുള്ള വ്യത്യാസം പോലെയാണത്. സൂര്യൻ ജ്വലിച്ചു നിൽക്കുമ്പോൾ ഭൂമിയിലുള്ള എല്ലാം നമുക്കു വിശദമായും വ്യക്തമായും കാണാം. അതേസമയം അനന്തമായ ആകാശത്തിൽ ആകാശ ഗംഗയും മറ്റു നക്ഷത്രജാലങ്ങളും എണ്ണിയാലൊടുങ്ങാത്ത താരങ്ങളും ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഉണ്ടെന്ന് നാം അറിയുകയേ ഇല്ല. അത്ര കണ്ണഞ്ചിപ്പിക്കുന്നതാണ് സൂര്യതേജസ്സ്. പകൽവെളിച്ചം അസ്തമിച്ചു കഴിയുമ്പോഴാണ്, ആകാശത്തിന്റെ അപാര തേജസ്സും സൗന്ദര്യവും നമുക്കു വെളിപ്പെടുന്നത്. പകൽവെളിച്ചത്തിൽ നാം വ്യക്തമായിക്കണ്ട ഭൂമിയുടെ കൊച്ചുവട്ടവും നിശാദർശനത്തിൽ കാണുന്ന അനന്തപ്രപഞ്ചവും തമ്മിൽ താരതമ്യമില്ല.

ആധുനിക യൂറോപ്യൻ സംസ്കാരവും പ്രബുദ്ധതയും അതിന്റെ വിമർശക യുക്തിയും, ഇതുപോലെ ഒരു വശത്ത്, സയൻസിന്റെയും ടെക്നോളജിയുടെയും വഴിയിലൂടെ വിസ്മയകരമായ കാര്യങ്ങൾ കാണിച്ചുതന്നു. മറുവശത്ത് അതിനു പുറത്തുള്ള കോടാനുകോടി നക്ഷത്രജാലങ്ങളെയും അവ സൃഷ്ടിക്കുന്ന പ്രപഞ്ചങ്ങളെയും നമ്മിൽനിന്നു മറച്ചുവച്ചു. 24 മണിക്കൂറും നാം വിമർശനാത്മകയുക്തിയുടെ ഉജ്ജ്വല വെളിച്ചത്തിൽ കഴിഞ്ഞാൽ, നമ്മുടെ ബോധത്തിനും അറിവിനും മനുഷ്യത്വത്തിനും എന്തു സംഭവിക്കുന്നുവെന്നു സങ്കൽപ്പിക്കുവാൻ പ്രയാസമില്ല. ഒരു പകൽ കഴിഞ്ഞു മറ്റൊരു പകലിനു മുമ്പ് നമുക്ക് കുറെ ഉറക്കവും ഉറക്കത്തിൽ സ്വപ്നങ്ങളും സ്വപ്നങ്ങളിലൂടെ പുതിയ പുതിയ ലോകങ്ങളിലേക്ക് ഒരു സർക്കീട്ടും ഒക്കെ ആവശ്യമാണ്. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകൾ പാശ്ചാത്യസംസ്കാരം നമുക്ക് സമ്മാനിച്ചത് തീർച്ചയായും, 'പ്രകാശങ്ങളുടെ യുഗ'മായിരുന്നു. പക്ഷേ യാഥാർത്ഥ്യത്തിന്റെ നിരവധി ആഴമേറിയതും അതിവിസ്തൃതവുമായ മാനങ്ങളെ അതു തമസ്ക

രിച്ചു (അമേരിക്കയിലെ ആദിവാസികളായ ഇന്ത്യാക്കാർ കുതിരസവാരിയിൽ പ്രവീണരാണ്. അതിവേഗത്തിൽ കുതിരപ്പുറത്തു പോകുന്നവർ, ഇടയ്ക്കിടെ നിർത്തി ശ്വാസമെടുക്കണമെന്ന് ഒരു പരമ്പരാഗത വിശ്വാസം അവർക്കുണ്ട്. കുതിരയുടെ അതിവേഗത്തിനൊപ്പം കുതിരക്കാരന്റെ ആത്മാവിന് സഞ്ചരിക്കാനാവില്ല. അതുകൊണ്ട് പിറകിലായിപ്പോയ ആത്മാവിനെ തിരിച്ചെടുത്ത് ഉള്ളിലാക്കി വേണം വീണ്ടും സഞ്ചരിക്കാൻ).

പുരോഹിതന്മാരുടെ ദൈവം

മദ്ധ്യകാല യൂറോപ്പിലെ അന്ധവിശ്വാസജടിലമായ ക്രൈസ്തവമത പാരമ്പര്യത്തിനെതിരെ ഉയർന്ന പ്രതികരണമായി യൂറോപ്യൻ പ്രബുദ്ധതയെ കരുതാമെങ്കിൽ ഇന്ത്യയിൽ ബ്രാഹ്മണ പൗരോഹിത്യത്തിലധിഷ്ഠിതവും അനുഷ്ഠാനജടിലവുമായ മതപാരമ്പര്യത്തിനെതിരെ ഉയർന്ന പ്രതികരണമായിരുന്നു, ബുദ്ധമതത്തിലെ പ്രബുദ്ധത. രണ്ടിടത്തും അതൊരു വലിയ ഹ്യൂമനിസ്റ്റ് ഉദ്യമം കൂടി ആയിരുന്നു. ദൈവത്തിന്റെ വക്താക്കളും പ്രതിനിധികളുമായി സർവ്വാധികാരവും അവകാശപ്പെട്ടുകൊണ്ട് ജനങ്ങളെ പീഡിപ്പിച്ച പൗരോഹിത്യത്തിനെതിരെയുള്ള മനുഷ്യന്റെ ഉയിർത്തെഴുന്നേൽപ്പ് കൂടിയായിരുന്നു അത്.

യൂറോപ്യൻ പ്രബുദ്ധതാപ്രസ്ഥാനം 'മനുഷ്യപീഡകനായ ദൈവത്തെ' സിംഹാസനത്തിൽ നിന്നിറക്കി പകരം യുക്തി (reason) യെ സർവ്വാധികാരിയായി ആരൂഢനാക്കി. 300 വർഷങ്ങൾക്കു മുമ്പ് പാശ്ചാത്യ പ്രബുദ്ധത പുരോഹിതന്മാരുടെ ദൈവത്തെ തള്ളിക്കളഞ്ഞപ്പോൾ 2500 വർഷങ്ങൾക്കു മുമ്പ് ബൗദ്ധപാരമ്പര്യം ദൈവത്തെ ആഴമായ നിശ്ശബ്ദതയുടെ ബ്രാക്കറ്റിലാക്കി. ബുദ്ധൻ ദൈവത്തെക്കുറിച്ച് ഒന്നും ഉരിയാടിയില്ല. ആത്മാവിനെക്കുറിച്ചു പറയാതെ അനാത്മവാദം സ്വീകരിച്ചു.

ബുദ്ധമതം വേദത്തിന്റെ ആധികാരികതയെ നിഷേധിച്ചു. അങ്ങനെ ബുദ്ധമതം നാസ്തിക മതമായി യുക്തിക്ക് സമുചിതമായ സ്ഥാനം കൊടുത്തു. സത്യത്തോട് അനുഭവനിഷ്ഠവും യുക്തിപൂർവ്വവുമായ സമീപനമെടുത്തു. പാശ്ചാത്യരുടെ അരിസ്റ്റോട്ടിലിയൻ യുക്തിശാസ്ത്രത്തിൽ നിന്ന് വ്യത്യസ്തമായി മനുഷ്യാനുഭവത്തിന്റെ വിശകലനത്തിലൂടെ, പ്രൗഢമായ ഒരു ഡയലക്ടിക്കൽ യുക്തിശാസ്ത്രം ബുദ്ധമത പണ്ഡിതന്മാർ വികസിപ്പിച്ചു.

മനുഷ്യരുടെ ബൗദ്ധിക വ്യവഹാരത്തിനു വേണ്ടിയുള്ള ഒരു തത്ത്വചിന്താപദ്ധതിയല്ല ബുദ്ധൻ അവതരിപ്പിച്ചത്. പ്രഥമമായും അദ്ദേഹം കാണിച്ചത് ആദ്ധ്യാത്മികമായ ഒരു ജീവിതശൈലിയും നിലപാടുമായിരുന്നു. വേദങ്ങളുടെ അധികാരത്തെയും ആത്മവാദത്തെയും കർമ്മാനുഷ്ഠാന സമ്പ്രദായങ്ങളെയും ബുദ്ധൻ താത്വികമായിത്തന്നെ നിഷേധിച്ചു. എങ്കിലും ബുദ്ധമത പ്രസ്ഥാനത്തിന്റെ അടിസ്ഥാന ചാലകശക്തി ആദ്ധ്യാത്മികമാണ്, ബൗദ്ധികമല്ല. തർക്കശാസ്ത്രത്തിൽ നാഗാർജ്ജുനനും ദിങ്നാഗനും ധർമ്മകീർത്തിയും പോലെയുള്ള പ്രതിഭാശാലികൾ വളരെയുണ്ടായി ബുദ്ധപാരമ്പര്യത്തിൽ. എങ്കിലും യൂറോപ്യൻ പ്രബുദ്ധതാ പ്രസ്ഥാനത്തിലുണ്ടായതുപോലെ ശുദ്ധമായ യുക്തിയെ ഏകഛത്രാധിപതിയാക്കി വാഴിക്കാൻ ബുദ്ധമതം തയ്യാറായില്ല.

വേദങ്ങളുടെ അധികാരത്തെ ബുദ്ധൻ നിരാകരിച്ചെങ്കിലും ബുദ്ധവചനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ വേദങ്ങൾ ബുദ്ധമതത്തിലുണ്ടായി. അവ പുതിയ അധികാരവ്യവസ്ഥയെ സ്ഥാപിക്കുകയും ചെയ്തു. എല്ലാ മതനവീകരണപ്രസ്ഥാനങ്ങളിലും ഇങ്ങനെ സംഭവിക്കുന്നുണ്ടെന്ന് കേരളത്തിലെ അനുഭവം കൊണ്ടു തന്നെ നമുക്കറിയാം. മുൻവാതിലിലൂടെ എടുത്തെറിയപ്പെടുന്ന അധികാര വ്യവസ്ഥ പിൻവാതിലിലൂടെ തിരികെയെത്തുന്നു.

ഭാരതീയതയുടെ തനിമ

മതത്തിന്റെ അനുഷ്ഠാന ജടിലതയെയും പൗരോഹിത്യ ചൂഷണത്തെയും ജനങ്ങൾക്ക് അപ്രാപ്യമായ വരണ്ട വേദശാസ്ത്രത്തെയും നിഷേധിക്കാൻ ബുദ്ധൻ വിമർശകയുക്തി (Critical reason) ഉപയോഗിച്ചെങ്കിലും ആ യുക്തിക്ക് ഗുണപരമായ ഒരു വ്യത്യാസം പാശ്ചാത്യ യുക്തിയുമായി ഉണ്ടായിരുന്നു. സാധാരണ ബോധത്തിനതീതമായ അനുഭവത്താൽ പ്രകാശിതമായ സംയഗ്സംബോധിയാണ് ഇന്ത്യയിൽ ബൗദ്ധയുക്തിയുടെ ഈറ്റില്ലമാകുന്നത് എന്നു മാർ ഗ്രീഗോറിയോസ് എടുത്തു പറയുന്നു. ബുദ്ധന്റെ ആദ്യത്തെ ബോധോദയം തന്നെ, വ്യക്തിയല്ല പരമമായിട്ടുള്ളത് എന്നാണ് വ്യക്തമാക്കുന്നത്. ചിന്തിക്കുന്ന അഥവാ ബോധം പ്രാപിക്കുന്ന വ്യക്തിയാണ് സർവ്വപ്രധാനം എന്ന് പാശ്ചാത്യർ പറഞ്ഞു. ഇത് അവിദ്യയാണ്. അജ്ഞാനമാണ്. പൂർണ്ണമായതിന്റെ സമഗ്രതയിലാണ് വ്യക്തിയുടെ ബോധോദയം വിലയം പ്രാപിക്കുന്നത്. ബൗദ്ധനോ ഹിന്ദുവോ അല്ലാത്ത ഒരു വ്യക്തിയെന്ന നിലയിൽ മാർ ഗ്രീഗോറിയോസിന്റെ അഭിപ്രായം ഈ ഉൾക്കാഴ്ച തന്നെയാണ് ഭാരതീയ വേദപാരമ്പര്യത്തിന്റേയും കേന്ദ്രബിന്ദു എന്നാണ്. "യജ്ഞോ ഭുവനസ്യ നാഭി" എന്ന ഋഗ്വേദ സൂക്തം ഇവിടെ സുപ്രധാനമെന്നു കരുതപ്പെടുന്നു. യാഗമാണ് പ്രപഞ്ചത്തിന്റെ നാഭി. വിശ്വം മുഴുവനും കറങ്ങുന്നത് യാഗമെന്ന ചുഴിക്കുറ്റിയിലാണ്. വ്യക്തി സ്വന്തമായതിനെ മുറുകെപ്പിടിക്കാതെ സ്വയം സകലത്തിനും വേണ്ടി യാഗമായിത്തീരുമ്പോൾ പ്രപഞ്ചം അതിന്റെ താളവും ക്രമവും നിലനിർത്തുന്നു. വ്യക്തി തന്റെ സ്വത്വത്തിനുവേണ്ടി നിലകൊണ്ടാൽ ക്രമം അക്രമമായിത്തീരുന്നു. ഭാരതീയ വേദപാരമ്പര്യത്തിലും ക്രിസ്തീയ മതപാരമ്പര്യത്തിലും സകലത്തിന്റെയും സ്രോതസ്സായ തത്ത്വം സ്വയം യാഗമായി നൽകി പ്രപഞ്ചത്തെ നിരന്തരം പുനഃസൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നു എന്ന ചിന്തയുണ്ട്. അപ്പോൾ യാഗമെന്ന ആത്മദാനത്തിന്റെ നാഭിച്ചുഴിയിൽ ചുറ്റിത്തിരിയുന്ന പ്രപഞ്ചത്തിന്റെ താളത്തെയാണ് വിശ്വനൃത്തമായും പ്രപഞ്ച വിന്യാസത്തിന്റെ താളമായും ശാസ്ത്രം നിരന്തരം അന്വേഷിക്കുന്ന പ്രകൃതിനിയമമായും നാം മനസ്സിലാക്കുന്നത്. ആത്മസമർപ്പണത്തിൽ അധിഷ്ഠിതമായ പ്രാപഞ്ചിക ക്രമത്തോട് ആത്മദാനഭാവത്തോടെ പ്രതിസ്പന്ദിക്കുകയാണ് മനുഷ്യരുടെ ധർമ്മം. മനുഷ്യൻ സൃഷ്ടിക്കുവേണ്ടി ആത്മയാഗമർപ്പിക്കുന്ന 'സൃഷ്ടിയുടെ പുരോഹിതനാണെ'ന്ന ആശയവും മാർ ഗ്രീഗോറിയോസ് ഇവിടെ നമ്മെ അനുസ്മരിപ്പിക്കുന്നു.

ഇതാണ് ഭാരതീയ ആദ്ധ്യാത്മികതയുടെ കാതലും അധിഷ്ഠാനവും. അല്ലാതെ പാശ്ചാത്യ യുക്തിയുടേതുപോലെ ലോകത്തെ മുഴുവൻ ഭരിക്കാനും വിഴുങ്ങാനും വേണ്ടിയുള്ള സാഹസികമായ വെട്ടിപ്പിടിക്കലും വികസനതന്ത്രവും ദിഗ്വിജയവുമല്ല.

ക്രിസ്തുവിനു മുമ്പ് നാലാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു വരെ ബുദ്ധമത ചിന്തകരും ഹൈന്ദവ വേദപണ്ഡിതരും തമ്മിൽ നടന്ന സംവാദങ്ങൾ അതിസമ്പന്നമായ ഭാരതീയ വിമർശന-ദാർശനിക സംവാദ പാരമ്പര്യത്തെ അനാവരണം ചെയ്യുന്നു. യൂറോപ്യൻ ക്രിട്ടിക്കൽ ഫിലോസഫി ഉണ്ടാകുന്നതിനു 1000 വർഷങ്ങൾക്കു മുമ്പേ ഇത് നമ്മുടെ നാട്ടിലുണ്ടായി എന്നത് നാം അറിഞ്ഞിരിക്കണം. ആധുനിക പാശ്ചാത്യ ശാസ്ത്രത്തിന് അടിസ്ഥാനപരമായ ചോദ്യത്തിൽ താൽപര്യമില്ല. നമുക്കു ചുറ്റും നാം കാണുന്ന ലോകത്തിന്റെ യഥാർത്ഥ സ്വഭാവമെന്താണ് എന്നത് അടിസ്ഥാന ചോദ്യമാണ്. പാശ്ചാത്യ ശാസ്ത്രത്തിന് താൽപര്യം ഈ സംഗതി കൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിലാണ് (how things work). ടെക്നോളജിക് താൽപര്യം ഈ സംഗതികളിന്മേൽ എങ്ങനെ പ്രവർത്തിക്കാം എന്നാണ് (how to work on things). ഇന്ത്യയിൽ ഇപ്പോൾ നാം ഈ പാശ്ചാത്യപാതയിലാണ് സഞ്ചരിക്കാൻ താൽപര്യം കാട്ടുന്നത്.

നമ്മുടെ ഭാവി

നമ്മുടെ രാജ്യം സെക്കുലർ സ്വഭാവം ബോധപൂർവ്വം സ്വീകരിച്ചപ്പോൾ സെക്കുലർ എന്താണെന്നുള്ളതിനെ നിർവചിക്കാൻ നാം പാശ്ചാത്യരുടെ സെക്കുലർ സങ്കൽപത്തിലേക്കായിരുന്നില്ല തിരിയേണ്ടിയിരുന്നത്. ഇന്ത്യയിൽത്തന്നെ ഹൈന്ദവ-ബൗദ്ധ സംസ്കൃതികൾ തമ്മിലുണ്ടായ സംവാദത്തിലേക്കായിരുന്നു നാം തിരിയേണ്ടിയിരുന്നത് എന്നാണ് മാർ ഗ്രീഗോറിയോസിന്റെ നിലപാട്. ബൗദ്ധദർശനം യഥാർത്ഥത്തിൽ പാശ്ചാത്യ സെക്കുലറിസത്തോട് വളരെ അടുത്തു വരുന്നുണ്ട്. കാരണം അത് ദൈവത്തെക്കുറിച്ചുള്ള ചോദ്യത്തെ ബ്രാക്കറ്റിലിടുകയും ആത്മവാദത്തെ നിഷേധിക്കുകയും ചെയ്യുന്നു. എന്നാൽ, ബൗദ്ധസെക്കുലറിസം അതിന്റെ അതീന്ദ്രിയവും ആദ്ധ്യാത്മികവുമായ മാനം കൊണ്ട് പാശ്ചാത്യരുടേതിനേക്കാൾ മേൽത്തരവും ഭാരതീയരായ നമ്മുടെ മനസ്സിന് ഏറ്റവും ഇണങ്ങിയതുമാണ്.

ഈയൊരടിസ്ഥാനത്തിൽ, നാം പുതിയൊരു ദാർശനിക സംവാദം ആരംഭിച്ചാൽ നമ്മുടെ രാഷ്ട്രത്തിന്റെ സ്വത്വബോധത്തെ നമ്മുടെ തന്നെ ആദ്ധ്യാത്മിക സംസ്കൃതിയുടെ അടിസ്ഥാനത്തിൽ പുനർനിർവചിക്കുവാൻ കഴിയുമെന്നാണ് മാർ ഗ്രീഗോറിയോസിന്റെ പ്രതീക്ഷ.

മതത്തിന്റെ സത്തയെ നിഷേധിച്ചുകൊണ്ടുള്ള കേവലമായ ഒരു വിമർശകയുക്തിക്കു പകരം മതത്തിന്റെ അന്തഃസത്തയിൽ തന്നെ വേരോടിച്ചിരിക്കുന്നതും അതീന്ദ്രിയശോഭയിൽ പ്രകാശിതമായിരിക്കുന്നതുമായ ഒരു വിമർശകയുക്തിയാണ് നമുക്കാവശ്യം. യുക്തിയുടെ അയുക്തിയും അയുക്തിയുടെ യുക്തിയും മനസ്സിലാക്കി, അവയെ സമ്മേളിപ്പിച്ചാൽ പുതിയ നൂറ്റാണ്ടിൽ സംസ്കാരങ്ങളുടെ സംഗമത്തിന് നമുക്ക് പുതിയൊരു മാർഗ്ഗം തുറന്നു കിട്ടും.

(സുകുമാർ അഴിക്കോട് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടന്ന 'ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിചാര ശില്പികൾ' എന്ന പ്രഭാഷണ പരമ്പരയിൽ നടത്തിയ പ്രഭാഷണം, 2011)

❑

Article

POSITIVE CHRISTIAN THINKING

Fr Jobin Varghese
(Secretary, Gregorian Community, Roha)

Therefore I say to you, whatever things you ask when you pray, believe that you receive them, and you will have them. St. Mark 11.24

Following were the words of Jesus Christ after narrating an example of how even if you wish that a mountain be removed and cast into the sea, and do not doubt in your heart, it will be assuredly done for you.

Every human being has been gifted by the Creator with the great potential to think. Any great or small project always began with a thought. Every good deed or bad deed inaugurated itself with a thought. Experts estimate that the mind thinks between 60,000 – 80,000 thoughts a day which accounts to an average of 2500 – 3,300 thoughts per hour. Without any hesitation we may conclude that the quality of human life depends on the quality of the thoughts generated each moment.

The Prodigal Son began his return journey to his father after giving a thought about the standard of life of the hired servants belonging to his father. The thief on the right side was offered the Paradise on account of a right thought expressed during the very last hours of his life. Positive thoughts can generate a real fortune. On the same lines, a negative thought can ruin one's life as well. Ananias and Sapphira thought of holding back a portion of the sold possession and they paid it with their life. The Judas thought of betraying his Master for thirty pieces of silver proved too costly for him. Thoughts decide our future. The underlying message clearly is to think positively.

We have a plethora of positive approach oriented self-help books readily available in both the print and the digital market. They really encourage its readers by helping them analyse topics like being optimistic, setting positive goals, taking control of life, refreshing one's mind, acknowledging the power one has, and breaking the negative habit among many others. These books, they claim, has been able to transform the lives of millions of people across the globe.

We need to be reminded of the words of St Paul at this moment.

By the grace of God I am what I am, and His grace toward me was not in vain; but I labored more abundantly than they all, yet not I, but the grace of God which was with me. 1 Corinthians 15:10

The grace of God Almighty can alone help us to survive the test of times. The positive orientations may be beneficial in equipping the mind with a proper framework, but ultimately it all depends on His Grace. Simon Peter was surprised to find Jesus walking on the sea. His mind positively recharged with thoughts asserting that even he can do it. He requested confidently that even he wanted to walk on the waters - a rare phenomenon. Jesus welcomed him wholeheartedly. But when the focus of Simon shifted from his Master onto the raging waters, Peter began to sink. Jesus held him immediately and asked, "O you of little faith, why did you doubt?" He wants us to believe firmly, but at the same time, we need His grace in order to do that.

Every human being is blessed with freewill – the freedom to choose good or evil. However, strive to enter by the narrow gate is the Master's call. Adam had a positive outlook towards his life in the Garden of Eden. He was happy with everything which his Creator gifted him. But a seemingly better option from the serpent made him think again, and he had to move out of the Garden soon. When man commits his ways to the Lord and trusts also in Him, He allows it to happen. (Psalm 37: 5)

Having said that, the Grace of God also requires that man plays his part.

J. G. Holland once rightly said,

"Positive thinkers believe that – God gives every bird its food, but He does not throw it into the nest"

God put it into the mind of Noah that there will be a great flood soon. God also instructed him to prepare an ark with the specified measurements. The rest of the part was left to Noah whether he would execute it or not. Noah built the ark and as a result, humankind still prevails on the planet. Every person who has gone down into the history books of the world were courageous determined individuals who balanced their own efforts along with His bountiful Grace.

Absence of light is darkness. Where there is no light, darkness takes space. When a garden is left unattended for days, weeds takes space. A clean room left without attending for some days naturally makes it unclean. These examples conclusively goes on to say that absence of positive, creative thoughts opens the door towards negative, destructive thought patterns in every human being. This may be the reason why St. Paul said in 1 Thessalonians 5:17 "Pray without ceasing" Absence of prayer places ourselves exposed to high degree of temptations.

There may be some exceptional situations like that which Jesus experienced during His public ministry.

"And it came to pass in those days, that he went out into a mountain to pray, and continued all night in prayer to God. And when it was day, he called unto him his disciples: and of them he chose twelve, whom also he named apostles" (St. Luke 6:12,13)

Jesus prayed all night before choosing his twelve apostles but in spite of His committed prayer we read that one of the Apostle chosen was Judas Iscariot who later went on to betray Jesus. Our positive outlook towards life may not always bring in the desired results as expected, but will definitely be some specific plan which the Almighty has designed for our edification. Let us accept the facts. As the Psalmist says in Psalm 139, even before we were born, He knew us. Our Almighty has a plan for us. Our duty is to approach that plan with a positive frame of mind. Be it sickness, be it poverty, be it persecution, we will approach them with the firm conviction that our Creator cares for us.

"For your Father knows the things you have need of before you ask Him (St. Matthew 6:8)

Now if God so clothes the grass of the field, which today is, and tomorrow is thrown into the oven, will He not much more clothe you, O you of little faith? (St. Matthew 6:30)

The words of St. Paul should definitely inspire us:

"But I want you to know, brethren, that the things which happened to me have actually turned out for the furtherance of the gospel" (Philippians 1:12)

Everything in life was accepted by St. Paul with a positive frame of mind.

Positive thinking for a Christian doesn't mean that everything happens as we desire. It rather means that everything happens according to the will of God and we need to accept them positively believing the fact that everything that happens in the life of a Christian turns out for his edification.

Yes! Prayer can change our future. But let us also be reminded of the Lord's prayer which we recite daily – Thy will be done on earth as it is in heaven.


❑

വചനതീർത്ഥം

സ്വർഗ്ഗം കാത്തുനിൽക്കുന്നു

ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

(വി. ലൂക്കോസ് 1:26–38)



ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

ലോകചരിത്രത്തിലെ സുപ്രധാന ദിവസം. ലോകരക്ഷകനായ യേശുക്രിസ്തു കാലപരിധിക്ക് വിധേയനായി ഭൂമിയിൽ പിറക്കുവാൻ തീരുമാനിച്ച് ആ സദ്വാർത്ത ഗബ്രിയേൽ മാലാഖ വഴി ലോകത്തെ അറിയിക്കുന്ന സുദിനം. വി. ലൂക്കോസ് ഏവൻഗേലിസ്ഥനാണ് ഈ സദ്വാർത്ത വിശദമായി വിവരിക്കുന്നത് (വി. ലൂക്കോസ് 1: 26-38).

ആദാം മുതൽ സഖറിയാ വരെയുള്ളവരോട് പേർചൊല്ലി ദൈവം കൽപിച്ചപ്പോൾ, നിർമ്മല കന്യകയായ മറിയാമിനെ സ്വർഗ്ഗം വന്ദനം ചെയ്യുകയത്രേ ചെയ്യുന്നത് (1:28). വി. വേദപുസ്തകത്തിൽ ദൈവം നേരിട്ടോ ദൂതന്മാർ മുഖാന്തിരമോ ധാരാളം സംസാരിക്കുന്നുണ്ട്. അവയെയെല്ലാം അറിയിപ്പ്, അരുളപ്പാട്, ദർശനം, സന്ദേശം, പ്രഖ്യാപനം, കല്പന, വാർത്ത തുടങ്ങിയ പദങ്ങൾ കൊണ്ടാണ് വിശേഷിപ്പിക്കുന്നത്. എന്നാൽ മറിയാമിനു നൽകുന്നത് വചനിപ്പാണ് (Annunciation).

പ. സഭയിൽ വചനിപ്പുപെരുന്നാൾ ഒരു ആരാധനാവർഷത്തിൽ രണ്ടു പ്രാവശ്യം ആഘോഷിക്കുന്നുണ്ട്. ക്രിസ്തുമസിനു മുമ്പ് അഞ്ചാമത്തെ ഞായറാഴ്ചയും ജനനപ്പെരുന്നാളിനു കൃത്യം ഒമ്പതുമാസം മുമ്പ് മാർച്ച് 25-നും വചനിപ്പുപെരുന്നാൾ ആഘോഷിക്കുന്നുണ്ട്. വി. മറിയാമിനു സഭാപാരമ്പര്യത്തിൽ ലബ്ധപ്രതിഷ്ഠമായ വിശേഷണമാണ് തിയോറ്റോക്കോസ് (Theotokos) എന്നത്. ഗ്രീക്കുഭാഷയിൽ ദൈവപ്രസവിത്രി എന്നതിന് ഉപയോഗിക്കുന്ന പദം.

Choose: മലയാളത്തിൽ തെരഞ്ഞെടുപ്പ് എന്ന വാക്കിന് പര്യായപദങ്ങളില്ല. ഇംഗ്ലീഷിൽ ഇതിനു ചേർന്ന് മൂന്നു പദങ്ങൾ നാം കാണുന്നുണ്ട്. (a) Election (b) Selection (c) Choose. ഈ മൂന്നു പദങ്ങളും വിവിധ സാഹചര്യങ്ങളിലാണ് ഉപയോഗിക്കുന്നത്. വോട്ടിട്ട് തെരഞ്ഞെടുക്കപ്പെടുന്ന പ്രക്രിയയ്ക്കാണ് Election എന്നു പറയുന്നത്. ഇതിന് യോഗ്യതകളും മാനദണ്ഡങ്ങളും അധികം ആവശ്യമില്ല. യോഗ്യതകൾ എല്ലാം ഒത്തു വന്നെങ്കിൽ മാത്രം നടക്കുന്ന തെരഞ്ഞെടുപ്പിനാണ് Selection എന്ന വാക്ക് ഉപയോഗിക്കുന്നത്.

എന്നാൽ Choose എന്നത്, അധികാരി തന്റെ അധികാരം ഉപയോഗിച്ച് തനിക്കു വേണ്ടവരെ തെരഞ്ഞെടുക്കുന്നിടത്താണ് ഉപയോഗിക്കുന്നത്. യോഗ്യതകളോ മറ്റു മാനദണ്ഡങ്ങളോ ഒന്നും നോക്കാതെ അധികാരി തെരഞ്ഞെടുക്കുന്നു. യേശുക്രിസ്തു ശിഷ്യന്മാരെ തെരഞ്ഞെടുത്തു. അവിടെ Choose എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. വി. യോഹ. 15:16 You did not choose me; I chosen you and ordained you.

ദൈവം Choose ചെയ്ത പെൺകുട്ടിയായിരുന്നു മറിയാം. ദൈവത്തിനു മണ്ണിൽ അവതരിക്കുവാൻ ഒരു സ്ത്രീരത്നം ആവശ്യമാകയാൽ സ്വർഗ്ഗം തന്റെ മഹിമയ്ക്ക് യോഗ്യമായി കണ്ടെത്തിയ വിശുദ്ധിയുടെ തികവായിരുന്നു കന്യകമറിയം. മറിയാമിന്റെ വിശുദ്ധിയും നൈർമ്മല്യവും വിനയവുമൊക്കെ കണക്കിലെടുത്തു. മനുഷ്യന്റെ അകവും പുറവും നന്നായി അറിയുന്ന ദൈവം തനിക്കു ബോധിച്ചവരെ തെരഞ്ഞെടുക്കുന്നതിനെയാണ് Choose എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

Choose എവിടെ ഉണ്ടായാലും അവരവരുടെ കുറവുകളെക്കുറിച്ചുള്ള സ്വയം ബോധം അവിടെ ഉണ്ടാകും. മിടുക്കും കഴിവും സാമ്പത്തിക ഭദ്രതയും ആത്മീയ ശക്തിയും തുടങ്ങിയവയെക്കുറിച്ചൊന്നും പുകഴുവാനില്ല. ഇതൊന്നും കണക്കാക്കാതെ ദൈവം, അവിടുത്തെ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുന്നത് എന്ന് നാം മനസ്സിലാക്കണം. അതാണ് മറിയാമിന്റെ മറുപടിയിലൂടെ നാം കേട്ടത്. വി. ലൂക്കോസ് 1:38 'ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ.'

സ്വർഗ്ഗം: ദൈവമാതാവായ മറിയാമിനെ 'രണ്ടാം സ്വർഗ്ഗ'മെന്നാണ് വിശേഷിപ്പിക്കുന്നത്. ദൈവം വസിക്കുന്ന ഇടമാണ് സ്വർഗ്ഗം. ദൈവം മാത്രമല്ല, അവിടുത്തെ ആരാധകരും ആജ്ഞാനുവർത്തികളുമായ മാലാഖമാരും അവിടെ വസിക്കുന്നു. പരിധിയും പരിമിതികളും അതിരുകളും ഇല്ലാത്ത വാസസ്ഥലമാണിത്. ഭൂമിശാസ്ത്രപരമായ രേഖകളോ നിജസ്ഥിതിയോ ഇല്ല. ദൈവം തൂണിലും തുരുമ്പിലും മണ്ണിലും കല്ലിലും എല്ലാം വസിക്കുന്നു.

സ്വർഗ്ഗസ്ഥനായ ദൈവം ഭൂമിയിൽ മനുഷ്യനായി പിറക്കാൻ ആഗ്രഹിച്ചപ്പോൾ അതിനു തക്കതായ സ്ഥലം കണ്ടെത്തിയതായിരുന്നു മറിയാമിന്റെ ഉദരം. ദൈവം മറ്റൊരു ഭവനത്തിൽ വസിക്കുന്നു. അതിനെയാണു രണ്ടാം സ്വർഗ്ഗമെന്നു നാം വിളിക്കുന്നത്. അങ്ങനെ രണ്ടാം സ്വർഗ്ഗമായി മറിയാമിനെ തെരഞ്ഞെടുക്കുന്നു എന്ന സദ്വാർത്തയാണ് ഗബ്രിയേൽ മാലാഖ ഇന്ന് മറിയാമിനെ അറിയിക്കുന്നത്.

ദൈവകൃപ: മാലാഖ മറിയാമിനോട് അരുളിച്ചെയ്തത് 1:28 'കൃപ ലഭിച്ചവളേ, നിനക്കു വന്ദനം. കർത്താവ് നിന്നോടുകൂടെ.' കൃപ എന്ന വാക്ക് ഇന്ന് വളരെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ദൈവകൃപ എന്നത് പുറംമോടിയും ആഡംബരവും നോക്കി വിലയിരുത്തുവാനാണ് പലരും ശ്രമിക്കുന്നത്. എന്നാൽ ദൈവകൃപ എന്നത് 'ദൈവം നമ്മോടുകൂടെ' ഉണ്ടാകുന്ന അവസ്ഥയ്ക്കാണ് പറയേണ്ടത്.

ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും അത് സുഖമായാലും ദുഃഖമായാലും, സമാധാനമായാലും നിരാശയായാലും, വേദനയായാലും സന്തോഷമായാലും എല്ലാ സമയത്തും ദൈവം നമ്മോടുകൂടെ ഉണ്ടാകുന്നതിനെയാണ് 'കൃപ' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

കൗമ്മാ പ്രാർത്ഥനയോടു ചേർത്ത് മറിയാമിനോടുള്ള പ്രാർത്ഥന ആരംഭിക്കുന്നത് 'കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം' എന്ന സംബോധനയോടു കൂടിയാണ്. സ്വന്തം കുഞ്ഞിനെ പ്രസവിക്കുവാൻ സ്ഥലം ഇല്ലാതെ ഊടാടി നടക്കേണ്ടിവന്ന ഒരു അമ്മയാണ് മറിയം. സ്വന്തം മകനെ ക്രൂരമായി പീഡിപ്പിച്ച് കുരിശിൽ തറച്ച് കൊല്ലുന്നത് മാറിനിന്നു കാണേണ്ടിവന്ന ഒരു അമ്മയാണ് മറിയം. അവളെയാണ് കൃപ നിറഞ്ഞ മറിയമേ! എന്ന് നാം വിശേഷിപ്പിക്കുന്നത്.

ക്രൈസ്തവ ജീവിതത്തിന്റെ പ്രത്യേകതയാണിത്. ദൈവം കൂടെയുണ്ട് എന്ന കൃപയിൽ ജീവിക്കുന്നവർക്കും കഷ്ടതയും ദുഃഖവും വേദനയും ഉണ്ടാകും. എല്ലാ അനുഭവങ്ങളിലും കർത്താവ് കൂടെയുണ്ടാകുക എന്നത് ഉറപ്പിക്കാൻ നമുക്ക് സാധിക്കണം. ദൈവം കൂടെയാവണം, കൂടെ നടക്കണം, കൈപിടിച്ചു നടത്തണം.

അസാദ്ധ്യമായതെല്ലാം സാദ്ധ്യമാണ്


വി. ലൂക്കോസ് 1:37 'ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ' എന്നു മാലാഖ മറിയാമിനോടു പറഞ്ഞു. മനുഷ്യൻ അസാദ്ധ്യമെന്നു കരുതുന്നതെല്ലാം ദൈവത്തിനു സാദ്ധ്യമാണ്. 'പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും' (1:35). ശാസ്ത്രീയമായും മാനുഷികമായും സാധ്യമല്ലാത്തതായിരുന്നു മാലാഖയുടെ അരുളപ്പാടിൽ ഉള്ളത്. അതുകൊണ്ടാണ് 'ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും' എന്ന് മറിയാം മാലാഖയോട് ചോദിക്കുന്നത്.

ആകയാൽ ഭൂമിയും ഭൗമവാസികളും ആരാൽ ബഹുമാനിതമായോ, സ്വർഗ്ഗാധിസ്വർഗ്ഗം ആരേ വന്ദനം ചെയ്തുവോ, അത്യുന്നതൻ തനിക്കു അമ്മയാകുവാൻ തക്ക മാനം ആരിൽ ദർശിച്ചുവോ ആ പ. ദൈവമാതാവിനെ വി. സഭ ബഹുമാനിക്കുന്നു; അവളോടു ചേർന്ന് ദൈവത്തെ സ്തുതിക്കുന്നു. ആദിമാതാവായ ഹവ്വായിലൂടെ ഭൂമി ശപിക്കപ്പെട്ടു എങ്കിൽ രണ്ടാം ഹവ്വായായ വി. മറിയാമിലൂടെ ഭൂമി അനുഗ്രഹിക്കപ്പെട്ട് രക്ഷയിലേക്ക് നയിക്കപ്പെട്ടു.

"എരിതീ നിരവിട്ടിറേ ദൂതനിറ-ങ്ങിച്ചെന്ന്
ഇതമൊടു മറിയാം ഗൃഹമതിൽ നസ്രേത്തിൽ ചൊല്ലിയിത്
നിന്നോടുകൂടെ ക്ക-ർത്താവീ
മന്നിടമഖിലം പാലിപ്പോൻ."

❑

Leap of Faith



Annunciation to Mother Mary

Fr. Dr. Joshi Varghese, Bhilai

(Diocesan Education Officer & PRO, Calcutta Diocese)

- Holy Qurbana
  - I John3: 2-17
  - Galatians:4: 1-7
  - Hebrew 2 :14-18
  - St. Luke 1:26-38

Mother Mary, the *Theotokos* (God- bearer), is greatly venerated by the Eastern Church. She is also known as the crown of saints. The importance that the Church gives to her can be gauged from the fact that Annunciation to Mother Mary is celebrated twice in a year; on 25th March and on the 4th Sunday of the Liturgical year.

a. Responses of Zechariah and Mary

The annunciation to Zechariah and Mary are often compared and contrasted. In both instances it is the Angel Gabriel who reveals about the seemingly 'impossible' births. Zechariah was terrified with the sudden appearance of an angel at the right side of the altar of incense.Mary, too was perplexed when the angel appeared before her and greeted her. In both cases the angel assured them "Do not be afraid". The purpose of the visit and the announcement of future child births are made to them. Zechariah responded with "How will I know that this is so? For I am an old man, and my wife is getting on in years" while Mary's response was "How can this be, since I am a virgin?". Though both the responses appear to be similar then why are they encountered with opposite reactions from Gabriel.

There are a few plausible explanations. Gabriel's first words, "Do not be afraid, Zechariah, for your prayer has been heard" (Lk 1:13), shows that the Zechariah and Elizabeth were praying for a child. Now as the angel announces, that the prayer is answered, he is not enthusiastically accepting it. Whereas Mary, like any other young girl, was dreaming and praying for an ordinary family life, with Joseph to whom she was betrothed. The angel's words were quite unexpected, like a bolt from the blue; an answer for which she had never prayed for or even imagined about. Hence Mary's reaction can be seen as a natural one.

Moreover, Zechariah is a priest who was supposed to know the history of the Patriarchs and Israel and also one who was to teach the people about God's miraculous interventions in the life of His people. The history of Abraham and Sara, who at a very old age had offspring by God's blessing, must have been taught by Zechariah many times. But when a similar situation comes to his life, he is a bit reluctant to believe that this could happen in his life also.There had never occurred in the history of mankind, an instance of what Gabriel had announced to Mary. Hence her question was "How can this be, since I am a virgin?" (Lk 1:34) is treated not as unbelief but one out of curiosity. Elizabeth, Zechariah's wife, is the apt person to compare the faith and responses of her husband and of Mary who later visits her. Elizabeth testifies Mary's faith "And blessed is she who believed that there would be a fulfillment of what was spoken to her by the Lord (Lk 1:45)".

b. Mary's unconditional YES

As per tradition Mary had lost her parents and was brought up under the care of the priests of the temple. She is now about to start a family life with Joseph and betrothal is over. As per Jewish customs it is Joseph who has power over her and who has the authority to take decisions concerning her life. But when angel Gabriel announces God's plan for her, she doesn't go and consult even Joseph with whom she is about to start a new life. St. Paul's words, "But when God,who had set me apart before I was born and called me through his grace …. I did not confer with any human being…"(Gal 1: 15) rings apt in the case of Mary.She has no hesitation in saying YES to the Lord. She just takes the Leap of Faith similar to that of Abraham and surrenders to the will of God with the words, "Here am I, the servant of the Lord; let it be with me according to your word"(Lk 1:38).

It was faith that made Abraham the "father of many nations" (Genesis 17:5). Similar to Abraham (Rom 4:20,21) 'no distrust made her waver concerning the promise of God, but she grew strong in her faith as she gave glory to God, being fully convinced that God was able to do what He had promised'. A similar deep faith has made Mary, the virgin betrothed to Joseph, into *Theotokos* (God - bearer). It is that unwavering faith which has made Mary, the Mother of all of us. Faith in God doesn't mean a mere knowledge or a belief. It involves unbreakable trust in God, a whole hearted acceptance of the revealed truth.

Sometimes we also would have to face situations like that of Mary, we may not be sure about where life leads us into; or our life must have hit a hard wall. Our experiences and knowledge summoned together might fail to rescue us from such situations. It might be related to our relationships, studies, job or spiritual life. When we find ourselves in such crises, remember Mother Mary, try to emulate her life by trusting completely on God and take the leap of faith.

Conclusion

Mary let go of her plans with her YES to a life of faith and let God take over her life. Mary had a grace filled openness to the mystery of God in her life. We, like Mary are asked to bring forth a savior to a weary, hurting and post pandemic world. The mystical body of Christ is pregnant with hope and calls us to be a Christ – bearer to a world desperately in need. It is a world in waiting for our eager and decisive YES to the lord and our Yes to a life of Faith as we are sent forth to follow the example of Mary and follow in the Christ's footsteps.

❑



കോട്ടയം മെത്രാസന യുവജനപ്രസ്ഥാന കലാമത്സര വിജയികൾക്ക് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് സമ്മാനങ്ങൾ നൽകുന്നു.

മേപ്രാൽ പള്ളിക്കെതിരെ കേസ്; റിട്ട് പെറ്റീഷൻ തള്ളി


കൊച്ചി: മേപ്രാൽ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിക്കെതിരായി വിഘടിത വിഭാഗം അഡ്വക്കേറ്റ് നെടുമ്പാറ വഴി സമർപ്പിച്ച റിട്ട് പെറ്റീഷൻ തള്ളി കേരള ഹൈകോടതി ഉത്തരവായി.

സൗജന്യ തൊഴിൽ പരിശീലനക്ലാസ്സ്

പാമ്പാടി: കോവിഡ് 19 പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ടു നാട്ടിലെത്തുന്ന പ്രവാസികൾക്കും, സ്വയംതൊഴിൽ പരിശീലനം ആഗ്രഹിക്കുന്നവർക്കും ഓൺ ലൈൻ സോളാർ ടെക്നിഷ്യൻ കോഴ്സ് ആരംഭിക്കുന്നു. നവംബർ 23 മുതൽ 28 വരെ എല്ലാ ദിവസവും വൈകിട്ട് 8 മണിക്ക്. മലങ്കര ഓർത്തഡോക്സ് സഭാ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ പാമ്പാടി മാത്യൂസ് മാർ ഈവാനിയോസ് ഐ.ടി.സിയുമായി ചേർന്നാണ് ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. കോഴ്സിൽ ബേസിക് ഇലക്ട്രിസിറ്റി, ഇൻവെർട്ടർ, ബാറ്ററി, ചാർജ് കൺട്രോളർ, സോളാർ പാനൽ മുതലായ വിഷയങ്ങൾ ഉണ്ടായിരിക്കും. താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കും സൂം ലിങ്കിനായും ബന്ധപ്പെടുക. 0481 – 2578500, 2505317, 9400770400, Email -- hrm@mosc.in, www.mmipvtitipampady.com



വിധി നടത്തിപ്പ് പൂർത്തിയാക്കിയ മുടവൂർ പള്ളി. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത യൂഹാനോൻ മാർ പോളികാർപ്പോസ് പള്ളിയിൽ പ്രവേശിച്ചു പ്രാർത്ഥന നടത്തി. വികാരി വി. കുർബാന അർപ്പിച്ചു.



ഉള്ളന്നൂർ സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി ചെറിയ പള്ളിയിൽ നടന്ന വി. കുർബ്ബാനക്ക് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് പുതുതായി നിർമ്മിക്കുന്ന ദേവാലയം സന്ദർശിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

സമാധാന ചർച്ചകളിൽനിന്ന് പിന്മാറാൻ കാരണം പാത്രിയർക്കീസ് വിഭാഗത്തിന്റെ നടപടികൾ: ഡോ. മാർ ദിയസ്കോറോസ്

കോട്ടയം: സമാധാന ചർച്ചകളിൽനിന്ന് പിന്മാറ്റിയത് പാത്രിയർക്കീസ് വിഭാഗത്തിന്റെ വിഘടനവാദം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ എന്ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലിത്ത.

യോജിപ്പിനും ഐക്യത്തിനുമുള്ള സാധ്യതകൾ സംബന്ധിച്ച് സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നുവരുന്നതിനിടയിൽ തന്നെയാണ് മലങ്കര ഓർത്തഡോക്സ് സഭയുമായുള്ള ബന്ധം പൂർണ്ണമായി വിച്ഛേദിച്ച്കൊണ്ട് പാത്രിയർക്കീസ് പക്ഷം മെത്രാൻ സമിതിയുടെ പ്രസ്താവന പുറത്തുവന്നത്. ഇത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുമതിയോടെയാണ് എന്നത് വ്യക്തമായി പറഞ്ഞിരുന്നു. സുപ്രീംകോടതി പൂർണ്ണമായും നിരോധിച്ച സമാന്തരഭരണം തുടരുന്നു എന്നതിന്റെ വ്യക്തമായ തെളിവാണിത്. കോടതിവിധി അംഗീകരിക്കുവാനോ നിയമം നടപ്പിലാക്കുവാനോ സഭയുടെ ഐക്യത്തിനോ തങ്ങൾ തയ്യാറല്ല എന്ന് പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലിത്തമാർ പത്രപ്രസ്താവനയിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും ആവർത്തിച്ച് പ്രഖ്യാപിക്കുകയുണ്ടായി. പള്ളികളിൽ ക്രമസമാധാനപ്രശ്നങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമം പൂർണ്ണമായും ഉപേക്ഷിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം കാറ്റിൽപറത്തിയതും പാത്രിയർക്കീസ് വിഭാഗം തന്നെയാണ്. സുപ്രീംകോടതി വിധിയെയും നിയമാനുസൃതമായി അംഗീകരിക്കപ്പെട്ട ഭരണഘടനയെയും സമ്പൂർണ്ണമായി നിരസിച്ചതിനുശേഷം, സമാധാന ചർച്ച എന്ന കാരണം പറഞ്ഞുകൊണ്ട് വിധിനടത്തിപ്പും കോടതിനടപടികളും അനന്തമായി വൈകിപ്പിക്കുക മാത്രമാണ് പാത്രിയർക്കീസ് വിഭാഗത്തിന്റെ ലക്ഷ്യം എന്നത് വ്യവഹാരങ്ങളിൽ സംസ്ഥാന സർക്കാരും പാത്രിയർക്കീസ് വിഭാഗവും കൈക്കൊള്ളുന്ന നിലപാടുകളിൽ നിന്ന് വ്യക്തമാണ്.

നിയമാനുസൃതമായ ഐക്യത്തിനുള്ള സന്നദ്ധത ദുർവ്യാഖ്യാനം ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതു മൂലവും ഐക്യത്തിനും നിയമവാഴ്ചയ്ക്കുമുള്ള ഓർത്തഡോക്സ് സഭയുടെ സമീപനം നിരാകരിക്കുന്നതു മൂലവും സമാധാന ചർച്ചകളിൽ നിന്ന് ഓർത്തഡോക്സ് സഭയെ പിന്മാറ്റിയിട്ട് സമാധാനത്തിനുള്ള സാഹചര്യം നഷ്ടമാക്കിയത് ഓർത്തഡോക്സ് സഭയാണ് എന്ന വിധത്തിൽ നടത്തുന്ന വ്യാജപ്രചരണങ്ങൾ പൊതുസമൂഹം തിരിച്ചറിയുമെന്നും അദ്ദേഹം പറഞ്ഞു.



കണ്ടനാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് വി. കുർബാന അർപ്പിച്ചു.



വിധി നടത്തി എടുത്ത മുടവൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു.



മലയാളം സർവ്വകലാശാലയിൽ പരീക്ഷാ കൺട്രോളറായി ചുമതലയേറ്റു

പഴഞ്ഞി മാർ ഡയനിഷ്യസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസോസിയേറ്റ് പ്രാഫസർ ലെഫ്റ്റനന്റ് കേണൽ ഡോ. പി. എം. റെജിമോൻ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ പരീക്ഷാ കംട്രോളറായി ചുമതലയേറ്റു. ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാല് വർഷത്തേക്കാണ് നിയമനം. ഇന്ത്യൻ ആർമിയിൽ ക്യാപ്റ്റൻ റാങ്കിലുള്ള ചഇഇ ഓഫീസർ കൂടിയാണ് ഇദ്ദേഹം. കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ആദിവാസി കളുടെ ജീവിത രീതിയെക്കുറിച്ചുള്ള പഠനത്തിന് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നു. സാമ്പത്തികശാസ്ത്ര സംബന്ധിയായ 3 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരളത്തിലെ വനനശീകരണത്തെ സംബന്ധിച്ച പുസ്തകം ജർമ്മനിയിലെ ലാംബർട്ട് അക്കാഡമിയും സ്ഥൂലധനതത്ത്വശാസ്ത്രത്തെ സംബന്ധിച്ച 2 പുസ്തകങ്ങൾ ചെന്നെയിലെ ഷാൻലാക്സ് പബ്ലിക്കേഷൻസുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള രണ്ട് അക്കാഡമിക് ടെക്സ്റ്റ് പുസ്തകങ്ങളുടെ രചനയും ഇദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്.

ദേശീയ-അന്തർദേശീയ ജേർണലുകളിലായി 36 ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ കോൺഫറൻസുകളിലായി 26 ധനശാസ്ത്ര സംബന്ധിയായ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാലയുടെ എക്സാമിനേഷൻസ് വിജിലൻസ് സ്ക്വാഡ് അംഗമായിരുന്നു. മാതൃഭൂമി പത്രത്തിൽ സബ് എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

മൂവാറ്റുപുഴ മേക്കടമ്പ് മത്തായി - ശോശാമ ദമ്പതികളുടെ മകനായ ഇദ്ദേഹം കുന്നംകുളം - പഴഞ്ഞി കത്തീഡ്രൽ ഇടവകാംഗമാണ്. പഴഞ്ഞി കത്തീഡ്രലിലെ ബൈബിൾ ക്ലാസ്സ് യൂണിറ്റിലെ സജീവ സാന്നിധ്യമാണ്. കുന്നംകുളം -ചിറളയം ബഥനി കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ അധ്യാപിക പ്രിൻസി സഹധർമ്മിണിയാണ്. മക്കൾ - അബേൽ, അന്ന, ആഗ്ന.



മദർ സുപ്പീരിയർ ആയി ചുമതലയേറ്റു

കുന്നംകുളം സെന്റ്. മേരി മഗ്ദലന കോൺവെൻറ് അടുപ്പുട്ടിയിൽ മദർ സുപ്പിരിയർ ആയി ചുമതലയേറ്റ സിസ്റ്റർ ലുധിയ.

അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എതിരെ മലങ്കരസഭ ഹർജി നൽകി

എറണാകുളം: കോതമംഗലം പള്ളി കേസിൽ കള്ള സത്യവാങ്മൂലം കോടതിയിൽ സമർപ്പിച്ചതിന് എതിരെ അഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ടി. കെ. ജോസിന് എതിരെ മലങ്കരസഭ ഹൈകോടതിയിൽ ഹർജി നൽകി. മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ തീരുമാനം ആകാത്ത കാര്യങ്ങളിൽ തീരുമാനം ആയി എന്ന് കോടതിയെ തെറ്റിദ്ധരിപ്പിക്കാൻ തക്കവണ്ണം കള്ള സത്യവാങ്മൂലം നൽകി എന്നത് ആർക്കും ബോധ്യമാകുന്ന കാര്യം ആണെന്നും നിയമ വാഴ്ച അട്ടിമറിക്കാൻ സർക്കാർ കൂട്ട് നിൽക്കുന്നു എന്നും പരാതികൾ ഉയരുന്ന പാശ്ചാത്തലത്തിൽ വളരെ ഗൗരവത്തോടെ ആണ് സഭ ഈ വിഷയത്തെ കാണുന്നത്.



മദർ സിസ്റ്റർ ബർബാറ OCC നിര്യാതയായി

കുന്നംകുളം: അടുപ്പുട്ടി സെന്റ് മേരി മഗ്ദലിൻ കോൻവെന്റിലെ മദർ സിസ്റ്റർ ബർബാറ OCC (86) നിര്യാതയായി. സംസ്കാരം ഡോ. മാത്യൂസ് മാർ സേവറിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നിവരുടെ മുഖ്യകാർമികത്വത്തിൽ കോൺവെന്റിലെ ചാപ്പലിൽ നടത്തി. പ. കാതോലിക്ക ബാവാ അനുശോചനം രേഖപ്പെടുത്തി.

കുന്നംകുളം അടുപ്പുട്ടി സെന്റ് മേരീസ് മഗ്ദ്ദലീൻ കോൺവെന്റ് സ്ഥാപകരിൽ പ്രഥമ, കോൺവെൻറ് മദർ സുപ്പീരിയർ,കോൺവെൻറ് സ്കൂളുകളുടെ മാനേജർ, കരുണാലയം, ആശ്വാസഭവൻ എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടർ, കോൺവെൻറ് UP സ്കൂൾ പ്രധാന അധ്യാപിക, MJD LP സ്കൂൾ അധ്യാപിക എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

അഭിഭാഷകനായിരുന്ന കുന്നംകുളം മിഷ്യൻ അങ്ങാടിയിലെ പരേതനായ തെക്കേക്കര ഇട്ട്യേരയുടെ മകളാണ്.



സിസ്റ്റർ ബർബാറയുടെ ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ് എന്നിവർ നേതൃത്വം നൽകുന്നു.



കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ലോക്ഡൗൺ കാലത്ത് നടപ്പാക്കിയ പേപ്പർ കളക്ഷൻ ചലഞ്ചിൽ വിവിധ യൂണിറ്റുകൾ സമാഹരിച്ച തുക ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസിന് കൈമാറി.



പരുമല ഹോസ്പിറ്റലിൽ ആരംഭിച്ച പീഡിയാട്രിക് നെഫ്രോളജി ഡിപ്പാർട്ട്മെന്റിന്റെയും ഹെപ്പറ്റൈറ്റിസ്-ബി ഡയാലിസിസ് സെന്ററിന്റെയും ഉത്ഘാടനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് നിർവ്വഹിച്ചു. ഫാ. എം. സി. പൗലോസ്, ഫാ. ജിജു വർഗീസ്, യോഹന്നാൻ ഈശോ, ഡോ. ഷെറിൻ ജോസഫ്, ഡോ. അനീഷ് എന്നിവർ പ്രസംഗിച്ചു.

അഖില മലങ്കര വൈദീക സംഘത്തിന്റെ ജോയിന്റ് സെക്രട്ടറി ആയി നിയമിതനായ ഫാ. ഡോ. മാത്യു വർഗ്ഗീസ്. പത്തനാപുരം ലാസറസ് പള്ളി ഇടവകാംഗമാണ്.

ശ്രുതി സ്കൂൾ ഓഫ് മ്യൂസിക് അസിസ്റ്റന്റ് ഡയറക്ടറായും സേവനമനുഷ്ഠിക്കുന്നു.

